# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ (പി.കെ.ഡി) പി 10/1420/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 30/10/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ (പി.കെ.ഡി) പി 10/1420/23 തീയ്യതി: 30/10/2023

## പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-03-2023 മുതൽ 16-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാം മനോഹർ.വി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 17-08-2023 | 25-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-08-2023 | 25-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുസ്മിത.കെ.വി - ഓഡിറ്റ് ഓഫീസർ
നസീറാബാനു.എ - സീനിയർ ഗ്രേഡ് ഓഡിറ്റർ
ആതിര.എച്ച് -സീനിയർ ഗ്രേഡ് ഓഡിറ്റർ
അശ്വിനി.ടി - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കവിത മാധവൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഹരിദാസ്.ജി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിനേഷ്.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷീന.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.പ്രദീപ് കെ | വി ഇഒ | 01-04-2022 | 28-08-2022 |
| ശ്രീ.സുവിൻ.എസ് | വി ഇഒ | 29-08-2022 | 31-03-2023 |
| ശ്രീമതി.മാനസ.എം.കെ | കൃഷി ഓഫീസർ | 01-04-2022 | 06-03-2023 |
| ശ്രീമതി.ബിൻസി.എസ് | കൃഷി ഓഫീസർ | 07-03-2023 | 31-03-2023 |
| ഡോ.രമ്യ | മെഡിക്കൽ ഓഫീസർ, ആയുർവേദ | 01-04-2022 | 31-03-2023 |
| ഡോ.ശ്രീജിഷ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ലക്ഷ്മി.ജി.കർത്ത | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 03-01-2023 |
| ഡോ.ശ്രീവിലാസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 04-01-2023 | 31-03-2023 |
| ശ്രീമതി.സുഭാഷിണി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 18-01-2023 |
| ശ്രീമതി.ബിനിത | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 19-01-2023 | 31-03-2023 |
| ശ്രീ.സുനിൽ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഉമൈബ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.മനുചന്ദ്രൻ | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ദിലീപ് കെ | വി ഇ ഒ 11 | 01-04-2022 | 31-03-2023 |
| ഡോ.ഷീന സ്റ്റാർലിൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ലെഡ്ജറും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് - രജിസ്റ്ററും വരവ് ചെലവ് പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബാങ്ക് ബുക്കിലെ നീക്കിയിരുപ്പും ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബഡ്ജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തൊഴിൽനികുതി ഈടാക്കിയതിലുള്ള അപാകതകൾ | 1-11 |
| 19 | ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. | 1-11-1 |
| 20 | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-11-2 |
| 21 | ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. | 1-11-3 |
| 22 | ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ്-അപാകതകൾ | 1-12 |
| 23 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ആവശ്യമായ സ്ഥലവിസ്തൃതിയുണ്ടെന്ന് പരിശോധിച്ചിട്ടില്ല. | 1-12-1 |
| 24 | ലൈസൻസ് ഫീസ് ഈടാക്കുന്നത് ചട്ടപ്രകാരമല്ല. | 1-12-2 |
| 25 | മാലിന്യങ്ങൾ കൈയ്യൊഴിക്കുന്നതിന് ലൈവ്സ്റ്റോക്ക് ഫാമുകളിൽ | 1-12-3 |

| | | |
|---|---|---|
| | ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ് | |
| 26 | കോഴിഫാം - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-12-4 |
| 27 | ലൈസൻസ് നൽകൽ-അപാകതകൾ | 1-13 |
| 28 | ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കുന്നു. | 1-13-1 |
| 29 | സ്ഥാപനം ലൈസൻസിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതിന്റെ പരിശോധന റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്. | 1-13-2 |
| 30 | വസ്തുനികുതി -സഞ്ചയ സോഫ്റ്റ് വെയർ, രേഖകൾ എന്നിവയുടെ പരിശോധന | 1-14 |
| 31 | വസ്തു നികുതി ഇളവ് നൽകിയതിലെ അപാകത | 1-14-1 |
| 32 | 10/589 നമ്പർ മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-14-2 |
| 33 | സഞ്ചയ ഡാറ്റാബേസിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരഭങ്ങളുടെ വിവരം കൃത്യമല്ല | 1-14-3 |
| 34 | വസ്തുനികുതി പരിഷ്കരണം 2023- അവലോകനം | 1-14-4 |
| 35 | ട്രഷറി റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിലെ അപാകതകൾ | 1-15 |
| 36 | നിക്ഷേപിച്ച തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിൽ കാലതാമസം | 1-16 |
| 37 | സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം-അപാകതകൾ | 1-17 |
| 38 | ബാങ്ക് അക്കൗണ്ട് ക്ളോസ് ചെയ്യുകയോ ട്രാൻസ്ഫർ ചെയ്യുകയോ ചെയ്തതിനാൽ പെൻഷൻ ലഭിച്ചിട്ടില്ലാത്തവർ | 1-17-1 |
| 39 | മസ്റ്ററിങ് ചെയ്യിട്ടില്ലാത്തതിനാൽ പെൻഷൻ ലഭിച്ചിട്ടില്ലാത്തവർ | 1-17-2 |
| 40 | ഡിബിറ്റി വിതരണ വിവരങ്ങളിൽ Deceased എന്ന് രേഖപ്പെടുത്തിയ വ്യക്തി ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റിൽ തുടരുന്നു. | 1-17-3 |
| 41 | എ.ബി.സി പ്രോഗ്രാം വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്. | 1-18 |
| 42 | പഠനമുറി നിർമ്മാണം- മാർഗ്ഗരേഖ പാലിച്ചില്ല | 1-19 |
| 43 | കന്നുകുട്ടി പരിപാലനം - അപാകതകൾ | 1-20 |
| 44 | ബയോഗ്യാസ് പ്ലാന്റ് വിതരണരേഖകൾ ഹാജരാക്കേണ്ടതാണ്. | 1-21 |
| 45 | പി.എം.എ.വൈ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-22 |
| 46 | അങ്കണവാടി പോഷകാഹാരം- ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അധികമായി നൽകി. | 1-23 |
| 47 | സാക്ഷരതാ തുല്യതാ പരിപാടി- രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-24 |
| 48 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - അപാകതകൾ | 1-25 |
| 49 | അഗതിരഹിത കേരളം -തുക പൂർണമായി വിനിയോഗിച്ചില്ല | 1-26 |

| | | |
|---|---|---|
| 50 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭിച്ചിട്ടില്ല | 1-27 |
| 51 | വനിതവിപണനകേന്ദ്രം -പ്രവർത്തനക്ഷമമാക്കണം | 1-28 |
| 52 | മരാമത്ത് പ്രവൃത്തികൾ - ഫൈൻ ഈടാക്കിയിട്ടില്ല | 1-29 |
| 53 | പാറശ്ശേരി എർത്ത്ഡാം റോഡ് പുനരുദ്ധാരണം -അപാകതകൾ | 1-30 |
| 54 | മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ | 1-31 |
| 55 | തെരുവു വിളക്കുകളുടെ പരിപാലനം മെച്ചപ്പെടുത്തേണ്ടതാണ്. | 1-32 |
| 56 | ഉപയോഗശൂന്യമായ പൊതു ടാപ്പുകളുടെ ഡിസ്കണക്ഷൻ - ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരിച്ചിട്ടില്ല. | 1-33 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ- തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വരവ് ചെലവ് പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 4.7.23 ലെ നം.1 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 13.7.23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്2023അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

B. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തീയതി : 30.10.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 98,06,586/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി

രേഖപ്പെടുത്തിയിരിക്കുന്നത് 4,69,39,146/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-4 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും അവസാനത്തിലുമാണ് ഡിമാന്റ് രേഖപ്പെടുത്തുന്നത്

### 1-1-5 ലെഡ്ജറും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. ഉദാ. വസ്തുനികുതി, തൊഴിൽ നികുതി.

### 1-1-6 ഡെപ്പോസിറ്റ് - രജിസ്റ്ററും വരവ് ചെലവ് പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിലെ വരവ് ചെലവും വാർഷികകണക്കിലെ വരവ് ചെലവുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-7 ബാങ്ക് ബുക്കിലെ നീക്കിയിരുപ്പും ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല

അക്കൗണ്ട് നമ്പർ-799013000000016, സബ് ട്രഷറി വടക്കാഞ്ചേരി

31.03.2023 തീയതിയിലെ ട്രഷറി റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് -5,43,831 രൂപയാണ്. 2022-23 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ (RP-40(b) Cash And Bank Balance, കോഡ്-450210104) നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് -5,43,779 രൂപയാണ്. 52 രൂപയുടെ വ്യത്യാസമുണ്ട്.

## 1-2 ബഡ്ജറ്റ്

24.3.22 തീയതിയിലെ 1 – നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് .20.2.23 തീയതിയിലെ 10/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 20686023 |
| വരവ് | 336281000 |
| ആകെ | 356967023 |
| ചെലവ് | 337576000 |
| നീക്കിയിരുപ്പ് | 19391023 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 24940810 |
| വരവ് | 83632916 |
| ആകെ | 108573726 |
| ചെലവ് | 73826330 |
| നീക്കിയിരിപ്പ് | 34747396 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 39291120 | 39291120 | 36601678 | 2689442 |
| വികസനഫണ്ട് - എസ്.സി.പി | 0 | 11733000 | 11733000 | 11401327 | 331673 |
| വികസനഫണ്ട് -ടി.എസ്.പി | ० | 1461000 | 1461000 | 1327965 | 133035 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 26399000 | 26399000 | 26220817 | 178183 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 10274000 | 10274000 | 8295346 | 1978654 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി | 9424285 | 0 | 9424285 | 1615855 | 7808430 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ഗ്രാന്റ്- ട്രഷറി | 11971 | 0 | 11971 | 11850 | 121 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് -ഗ്രാന്റ്- ബാങ്ക് | 6975991 | 10063000 | 17038991 | 10272090 | 6766901 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഗ്രാന്റ്- ബാങ്ക് | -25080 | 7679676 | 7654596 | 5645668 | 2008928 |

അൺ ടൈഡ് ഗ്രാന്റ്-ബാങ്ക് വരവിൽ 401852രൂപ പലിശയും 569824 രൂപ തിരിച്ചടവും ചെലവിൽ 8രൂപ ബാങ്ക് ചാർജ്ജും ഉൾപ്പെട്ടിട്ടുണ്ട്. CFC വിനിയോഗം ഇ-ഗ്രാം സ്വരാജ് പോർട്ടൽ വഴിയായതിനാൽ അൺടൈഡ് ഗ്രാന്റിന്റെ 2021-22 ലെ രണ്ടാംഗഡു സാങ്കേതിക പ്രശ്നങ്ങൾ മൂലം യഥാസമയം വരവ് വെയ്ക്കാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ Direct Receipt ചെയ്യുകയാണുണ്ടായത്. പിന്നീട് ഡി.ഡി.പി യുടെ നിർദ്ദേശ പ്രകാരം ടി തുക Reverse Receipt ചെയ്തപ്പോൾ പ്രസ്തുത തുക ഡബ്ലിംഗ് ആയി. ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ ഡബ്ലിംഗ് വന്നപ്പോൾ കൂടുതലായി ചെലവ് വരികയും ടി തുക ബാങ്കിലെ ടൈഡ് ഫണ്ടിൽ നിന്നും പോവുകയുമാണുണ്ടായത്. അധികം ചെലവ് വന്ന തുക 22/04/22 ന് ബാങ്കിലേക്ക് തിരിച്ചടച്ച് ക്രമീകരിച്ചിട്ടുണ്ട്. അതിനാലാണ് മുന്നിരുപ്പ് (-) ആയത്.

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 510293 | 2321164 | 2831457 | 751581 | 2079876 |
| ശുചിത്വം | 1400139 | 0 | 1400139 | 1036000 | 364139 |
| TSC | 53420 | 365 | 53785 | 392 | 53393 |

| | | | | | |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | 1098 | 33544759 | 33545857 | 33544931 | 926 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് & -പലിശ | 0 | 440230 | 440230 | 96373 | 343857 |
| ഹെൽത്ത് & വെൽനസ് ഗ്രാന്റ് | 0 | 288856 | 288856 | 0 | 288856 |
| ലൈബ്രറി ഗ്രാന്റ് | 23520 | 25000 | 48520 | 48520 | 0 |
| ലൈഫ് സംസ്ഥാന വിഹിതം | 140000 | 200000 | 340000 | 0 | 340000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ % |
|---|---|---|---|---|
| 281 | 190041268 | 228 | 124338329 | 81 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതിച്ചെലവുകളുടെ വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 8773023 | 7983998 | 91 |
| വെറ്റിനറി സർജൻ | 9 | 9 | 3274000 | 2291500 | 70 |
| മെഡിക്കൽ ഓഫീസർ (PHC) | 7 | 7 | 3164279 | 2402212 | 76 |
| മെഡിക്കൽ ഓഫീസർ (Homoeo) | 3 | 3 | 259000 | 259000 | 100 |
| മെഡിക്കൽ ഓഫീസർ (ISM) | 2 | 2 | 520000 | 520000 | 100 |
| ICDS സൂപർവൈസർ | 9 | 9 | 8897972 | 5645664 | 63 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 43 | 28 | 20378187 | 12564091 | 62 |
| ഹെഡ്മാസ്റ്റർ (GLPS) | 7 | 4 | 2735000 | 2281411 | 83 |

| | | | | | |
|---|---|---|---|---|---|
| VEO | 19 | 17 | 61547395 | 28377664 | 46 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 160 | 130 | 71416512 | 55064711 | 77 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2690000 | 2690000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 12 | 5155900 | 4258078 | 83 |
| ഫിഷറീസ് ഓഫീസർ | 1 | 0 | 1230000 | 0 | 0 |
| ആകെ | 281 | 228 | 190041268 | 124338329 | 65.43 |

അംഗീകാരം ലഭിച്ച പദ്ധതികളിൽ എണ്ണം (81 %) നടപ്പാക്കിയിട്ടുണ്ട്. വകയിരുത്തിയ തുകകളിൽ 65 % ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിച്ച് പരമാവധി ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1098 | 1544090 | 1545188 | 1544262 | 926 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം (ബാങ്ക് ചാർജ് | 0 | 32000669 | 32000669 | 32000669 | 0 |
| | 1098 | 33544759 | 33545857 | 33544931 | 926 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 12,012,600 | 1111 |
| വിധവാപെൻഷൻ | 18,205,200 | 1824 |
| വാർദ്ധക്യകാല പെൻഷൻ | 40,328,000 | 4065 |
| വികലാംഗ പെൻഷൻ | 50,40,200 | 483 |
| 50 വയസ്സ് പൂർത്തിയായ അവിവാഹിത കൾക്കുള്ള പെൻഷൻ | 613,800 | 63 |
| വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2023 തീയ്യതിയിൽ 02.45 PM സമയത്ത് ഓഫീസ് മേധാവിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 1654/-(ആയിരത്തി അറുനൂറ്റി അൻപത്തിനാല് )രൂപയുടെ വരവിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ കാര്യക്ഷമമാണ്. എന്നാൽ താഴെ പറയുന്ന അപാകതകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്.

ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്.

നികുതികൾ ചട്ടപ്രകാരം നിർണ്ണയിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. വസ്തു നികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രമിക്കേണ്ടതാണ്. വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നത് പുതുക്കിയ ചട്ടത്തിലെ വ്യവസ്ഥകൾ പരിഗണിച്ചായിരിക്കണം

പദ്ധതികൾക്കായി അനുവദിക്കപ്പെടുന്ന മുഴുവൻ തുകകളും അതാത് വർഷം തന്നെ ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. എല്ലാ പർച്ചേസുകളും പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം മുഖേന നിർവ്വഹിച്ചിട്ടില്ല. സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പിനായി മറ്റ് സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും തുക കൈമാറുമ്പോൾ കരാർ ഉണ്ടാക്കുകയും പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2013-14 മുതൽ 2017-18 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്.

18-01-23 തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ ഡിസംബർ/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11 തൊഴിൽനികുതി ഈടാക്കിയതിലുള്ള അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും ആകെ 60 ദിവസത്തിൽ കുറയാതെ ആ പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയാളുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-11-1 ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | പെന്റാ ഗ്രാനൈറ്റ്സ്, അമ്പിട്ടൻതരിശ് | 2nd Half |
| 2 | കൊട്ടുക്കാപ്പിള്ളി സാന്റ് & മെറ്റൽസ് | 1st & 2nd Half |
| 3 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, ഇളവമ്പാടം | 1st & 2nd Half |
| 4 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, പാലക്കുഴി | 1st & 2nd Half |
| 5 | മേനോൻതരിശ്ശ് ക്ഷീരോത്പാദക സഹകരണ സംഘം | 1st & 2nd Half |
| 6 | ശ്രീധർ റൈസ് മിൽ, മാര്യാപ്പാടം | 2nd Half |
| 7 | ബി.എസ്.എൻ.എൽ ഓഫീസ്, കോരഞ്ചിറ | 1st & 2nd Half |
| 8 | അമർ ക്രഷർ മെറ്റൽസ്, എരിക്കിൻചിറ. | 1st & 2nd Half |
| 9 | യുണൈറ്റഡ് ഫെർട്ടിലൈസേഴ്സ്, ഇളഹങ്കാവ് | 1st & 2nd Half |

തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/18.08.2023) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് തൊഴിൽനികുതി അടവാക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-11-2 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസാവശ്യം എന്ന ഫങ്ഷനാലിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 16/261 | മാർ ബസേലിയസ് വിദ്യാ നികേതം, വാൽകുളമ്പ്, കോരഞ്ചിറ |
| 2 | 19/458 | കോളേജ്, കുന്നങ്കാട് (ഉടമസ്ഥൻ-അപ്പു, മൂലങ്കോട്) |

മേൽ കെട്ടിടങ്ങളിൽ വസ്തുനികുതി ഇളവിന് അർഹതയില്ലാത്ത മുഴുവൻ കെട്ടിടങ്ങളും വസ്തുനികുതി കൃത്യമായി അടവാക്കിയിട്ടുള്ളതാണ്. നിലവിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-11-3 ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നമ്പർ | ലൈസൻസ് ആവശ്യമായ സ്ഥാപന ത്തിലെ ജോലി ക്കാരുടെ എണ്ണം (അപേക്ഷ പ്രകാരം) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | വി.സി.എം ഫ്യൂവൽസ് | 400822/RPTL19 /GPO/2023/3069 Dtd 02.03.2023 | 7 |
| 2 | പൂണി സോമിൽ | 400822/RPTL20 /GPO/2023/3458 Dtd 02.03.2023 | 7 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/18.08.2023) ലഭ്യമാക്കിയ മറുപടിയിൽ വി.സി.എം ഫ്യൂവൽസ് എന്ന പെട്രോൾ പമ്പ് പ്രവർത്തനം ആരംഭിച്ചത് 2023 ഫെബ്രുവരിയിൽ ആണെന്നും 2023/24 വർഷത്തെ തൊഴിൽനികുതി ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. പൂണി സോമിൽ എന്ന മരമില്ലിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-12 ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ്-അപാകതകൾ

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ൽ ഉപചട്ടം 2 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും അപ്രകാരമുള്ള ലൈസൻസിലും മേൽ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും (1)ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുന്ന ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകാനോ പാടുള്ളതല്ല. 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 4 പോൾട്രി ഫാമും 2 പന്നി ഫാമും ഉൾപ്പെടെ 6 ലൈവ്സ്റ്റോക്ക് ഫാമുകളാണ് ലൈസൻസിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ലൈസൻസ് അനുവദിച്ചിട്ടുള്ളതും. ലൈസൻസ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-12-1 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ആവശ്യമായ സ്ഥലവിസ്തൃതിയുണ്ടെന്ന് പരിശോധിച്ചിട്ടില്ല.

2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം4ൽ ഉപചട്ടം 2 പ്രകാരം ഏതെങ്കിലും പ്രത്യേക വിഭാഗത്തിലുള്ള പക്ഷികൾക്കോ മൃഗങ്ങൾക്കോ വേണ്ടിയുള്ള നിശ്ചിത തരത്തിൽപ്പെട്ട (ക്ലാസിൽ) ഒരു ലൈവ്സ്റ്റോക്ക് ഫാമോ സംയോജിത ഫാമോ സ്ഥാപിക്കുന്നതിനോ നടത്തിക്കൊണ്ട് പോകുന്നതിനോ കെട്ടിടങ്ങളോ ഷെഡ്ഡുകളോ ഉള്ളതോ ഇല്ലാത്തതോ ആയ , ആവശ്യമായ ഭൂമിയുടെ ഏറ്റവും കുറഞ്ഞ വിസ്തൃതി താഴെയുള്ള പട്ടിക പ്രകാരമായിരിക്കേണ്ടതാണ്.

| ക്രമ നം. | മൃഗം/ പക്ഷി | എണ്ണം | സ്ഥല വിസ്തീർണ്ണം |
|---|---|---|---|
| 1 | കന്നുകാലി | 1ന് | 1 സെന്റ് |
| 2 | ആട് | 4ന് | |
| 3 | പന്നി | 2ന് | |
| 4 | മുയൽ | 10ന് | |
| 5 | കോഴി | 15ന് | |

ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപേക്ഷകളിൽ ലഭ്യമായ ഭൂവിസ്തൃതി രേഖപ്പെടുത്തിയതായി കാണുന്നില്ല.

| ക്രമ നം. | ലൈസൻസ് നമ്പർ &തീയതി | ലൈസൻസിയുടെ പേര്. | ഫാമിലെ മൃഗം/ പക്ഷികളുടെ എണ്ണം |
|---|---|---|---|
| 1 | JC4/234/22 & 22.06.2022 | വിമൽ ജോളി, പാലക്കുഴി | 5000 (കോഴികൾ- |

| | | | |
|---|---|---|---|
| | | | പോൾട്രി ഫാം) |
| 2 | B2/1054/22 & 22.04.2022 | സക്കറിയ, ഇളവമ്പാടം | 2500 (കോഴികൾ-പോൾട്രി ഫാം) |
| 3. | JC4/494/22 & 21.05.2022 | സുരേന്ദ്രൻ, ഇളവമ്പാടം | 500 (പോൾട്രിഫാം) |
| 4 | JC4/2304/22 & 26.09.2022 | സുനിൽ ആന്റണി, പാലക്കുഴി | 120 (പന്നി ഫാം) |

മേൽ അപേക്ഷകളിൽ ലഭ്യമായ ഭൂവിസ്തൃതി രേഖപ്പെടുത്തിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/19.08.2023) ലഭ്യമാക്കിയ മറുപടിയിൽ കോഴിഫാമുകൾ നടത്തുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതിയുടെ അടിസ്ഥാനത്തിലാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥലവിസ്തൃതി അപേക്ഷയിൽ രേഖപ്പെടുത്തി വാങ്ങാൻ വിട്ടുപോയതിനാൽ തുടർന്ന് അപേക്ഷ കൃത്യമായി രേഖപ്പെടുത്തി വാങ്ങുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

ഫാമുകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടപ്രകാരം ആവശ്യമായ ഭൂമിയുടെ ഏറ്റവും കുറഞ്ഞ വിസ്തൃതിയുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തി മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

### 1-12-2 ലൈസൻസ് ഫീസ് ഈടാക്കുന്നത് ചട്ടപ്രകാരമല്ല.

2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ൽ ഉപചട്ടം 2 പ്രകാരം നൽകപ്പെടുന്ന ഓരോ ലൈസൻസിനും താഴെ പട്ടികയിൽ ചേർത്തിട്ടുള്ള പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്.

| ക്രമ നം. | ഫാമിന്റെ തരം (ക്ലാസ്) | പോൾട്രി ഫാം ലൈസൻസ് ഫീസ് |
|---|---|---|
| 1 | I (101-250) | 100 |
| 2 | II (251-500) | 150 |
| 3 | III (501-1000) | 200 |
| 4 | IV (1001-5000) | 250 |
| 5 | V (5001-10000) | 350 |
| 6 | VI (10000ൽ കൂടുതൽ) | 500 |

2022-23 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ ഈടാക്കിയ ലൈസൻസ് ഫീസിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നമ്പർ &തീയതി | ലൈസൻസിയുടെ പേര് | ഫാമിലെ പക്ഷികളുടെ എണ്ണം | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കേണ്ട ലൈസൻസ് ഫീസ് |
|---|---|---|---|---|---|
| 1 | JC4/234/22 & 22.06.2022 | വിമൽ ജോളി, പാലക്കുഴി | 5000 | 500 | 250 |
| 2 | B2/1054/22 & 22.04.2022 | സക്കറിയ, ഇളവമ്പാടം | 2500 | 500 | 250 |
| 3. | JC4/494/22 & 21.05.2022 | സുരേന്ദ്രൻ, ഇളവമ്പാടം | 500 | 500 | 150 |
| 4 | B2/1378/22 | എൽദോ സ്കറിയ, കോരഞ്ചിറ | 3800 | 500 | 250 |

ചട്ടപ്രകാരമല്ലാതെ ഫീസ് ഈടാക്കിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (6/19.08.2023) നൽകിയതിൽ ഫാമുകൾ ഭാവിയിൽ വിപുലപ്പെടുത്താൻ സാദ്ധ്യതയുണ്ടാകും എന്നതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്തിന് നഷ്ടം സംഭവിക്കാത്ത രീതിയിൽ

ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. വരും വർഷങ്ങളിൽ ഇപ്രകാരം ആവർത്തിക്കില്ല എന്നും അറിയിച്ചിട്ടുണ്ട്.

ഭാവിയിൽ വിപുലപ്പെടുത്താൻ സാദ്ധ്യതയുണ്ടാകും എന്നതിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നത് ശരിയായ നടപടിയല്ല. വിപുലപ്പെടുത്തുന്ന ഫാമുകൾ സ്ഥലപരിശോധന നടത്തേണ്ടതും ചട്ടപ്രകാരമാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പാക്കി മാത്രം ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-12-3 മാലിന്യങ്ങൾ കൈയ്യൊഴിക്കുന്നതിന് ലൈവ്സ്റ്റോക്ക് ഫാമുകളിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്

2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5പ്രകാരം ഏതെങ്കിലും ഇനത്തിൽപ്പെട്ട പക്ഷികൾക്കോ മൃഗങ്ങൾക്കോ വേണ്ടിയുള്ള നിശ്ചിത തരം (ക്ലാസ്) ലൈവ്സ്റ്റോക്ക് ഫാമിൽ മാലിന്യങ്ങൾ കൈയ്യൊഴിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

ക്ലാസ് IV (101-200) വിഭാഗത്തിലുള്ള രണ്ട് പന്നി ഫാമുകൾക്കാണ് 2022-23 വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നമ്പർ &തീയതി | ലൈസൻസിയുടെ പേര് | ഫാമിലെ പന്നികളുടെ എണ്ണം | മാലിന്യങ്ങൾ കൈയ്യൊഴിക്കുന്നതിന് ഫാമിൽ ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ | ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ |
|---|---|---|---|---|---|
| 1 | B2/1770/22 & 25.04.2022 | ഡേവിസ് | 150 | വളക്കുഴി, കളക്ഷൻ ടാങ്ക്, ജൈവ വാതക പാളാന്റ് | വളക്കുഴി, ശേഖരണ ടാങ്ക്, കമ്പോസ്റ്റ് കുഴി, ജൈവവാതക പാളാന്റ് |
| 2 | JC4/2304/22 & 26.09.2022 | സുനിൽ ആന്റണി, പാലക്കുഴി | 120 | കമ്പോസ്റ്റ് കുഴി | വളക്കുഴി, ശേഖരണ ടാങ്ക്, കമ്പോസ്റ്റ് കുഴി, ജൈവവാതക പാളാന്റ് |

മേൽ പ്രകാരം സ്ഥാപിക്കുന്ന ജൈവവാതക പ്ലാന്റിന് ഇരുപത്തിയഞ്ച് ഘനമീറ്ററിൽ കുറയാതെയുള്ള ഉള്ളളവ് ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ ജൈവവാതക പ്ളാന്റിനോട് ചേർന്ന് സെപ്റ്റിക് ടാങ്ക് , സോക്ക് പിറ്റ്, സ്ളറി കൈയ്യൊഴിക്കുന്നതിനുള്ള സംവിധാനം എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. വളക്കുഴി, കമ്പോസ്റ്റ് കുഴി, ജൈവവാതക പാളാന്റ് എന്നിവയിൽ നിന്ന് ദഹനപ്രക്രിയക്ക് ശേഷം പുറന്തള്ളപ്പെടുന്ന അവശിഷ്ടം കാർഷികാവശ്യങ്ങൾക്കായി കാലാകാലങ്ങളിൽ നീക്കം ചെയ്യപ്പെടേണ്ടതാണ്.

ക്രമ നമ്പർ (2) ലൈസൻസ് അപേക്ഷയിൽ കമ്പോസ്റ്റ് കുഴിമാത്രമാണ് മാലിന്യങ്ങൾ കൈയ്യൊഴിക്കുന്നതിന് ഫാമിൽ ഏർപ്പെടുത്തിയ ക്രമീകരണം. ചട്ടപ്രകാരമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താതെ ലൈസൻസ് അനുവദിക്കുന്നത് ക്രമപ്രകാരമല്ല (ഓഡിറ്റ് അന്വേഷണം-6/19.08.2023). മേൽ ഫാമുകൾ പ്രവർത്തിക്കുന്നത് ചട്ടപ്രകാരം മാലിന്യക്രമീകരണങ്ങൾ പാലിച്ചാണെന്നും ലൈസൻസ് അനുവദിക്കുമ്പോൾ വളക്കുഴി, ശേഖരണ പ്ലാന്റ്, കമ്പോസ്റ്റ് കുഴി, ജൈവവാതക പ്ലാന്റ് എന്നിവ എഴുതി ഫോറത്തിൽ ചേർക്കാൻ വിട്ടുപോയതാണെന്നും ഇനിമുതൽ ലൈസൻസിൽ ഈ വിവരങ്ങൾ ഉൾപ്പെടുത്തുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ചട്ട പ്രകാരം ലൈവ്സ്റ്റോക്ക് ഫാമിൽ മാലിന്യങ്ങൾ കൈയ്യൊഴിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി മാത്രം ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12-4 കോഴിഫാം - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന

ചെറുകുന്നം വാർഡിലുള്ള (വാർഡ്-5) 811,812,813,814 നമ്പർ കെട്ടിടങ്ങൾക്ക് കോഴിഫാം എന്ന ഗണത്തിലുൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തുകയും 2022 രണ്ടാം പകുതി മുതൽ വസ്തുനികുതി ഈടാക്കിവരുന്നുണ്ട്. എന്നാൽ മുഹമ്മദ് നാദിർ, ഇളവമ്പാടം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഈ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കോഴിഫാം (Parent Farm-1&2, Hatchery Unit, Mother Unit, Composit Area, Duck Farm & Dryer Unit) ലൈവ്സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് 6-ാം ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭ്യമാക്കിയിട്ടുള്ളതായോ, ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയശേഷം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫാറം 2-ൽ സെക്രട്ടറിക്ക് അപേക്ഷ

നൽകിയതായോ കാണുന്നില്ല. ഫാം പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം(6/19.08.2023) നൽകിയിരുന്നു. മുഹമ്മദ് നാദിർ എന്ന വ്യക്തിക്ക് കോഴിഫാം ആരംഭിക്കുന്നതിനായി 5/811,812,813,814 എന്നീ കെട്ടിട നമ്പർ അനുവദിക്കുകയും വസ്തുനികുതി ഈടാക്കി വരികയും ചെയ്യുന്നുണ്ടെങ്കിലും നാളിതുവരെയായി കോഴിഫാം പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

എന്നാൽ ബന്ധപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ അടങ്ങിയ നമ്പറിങ് ഫയൽ പരിശോധിച്ചതിൽ ക്ലർക്ക് രേഖപ്പെടുത്തിയ സ്ഥലപരിശോധന റിപ്പോർട്ട് പ്രകാരം ബിൽഡിങ് പെർമിറ്റ് എടുക്കാതെ കോഴിഫാം പ്രവർത്തനം ആരംഭിച്ചിട്ടുള്ളതിനാൽ കെട്ടിടങ്ങളിൽ നിന്ന് റഗുലറൈസേഷൻ ഫീസ് ഈടാക്കിയാണ് കെട്ടിടനമ്പർ അനുവദിച്ച നൽകിയിട്ടുള്ളത്. കോഴിഫാം പ്രവർത്തനം നടത്തിയിരുന്നു എന്ന് പ്രസ്തുത റിപ്പോർട്ടിൽ നിന്നും വ്യക്തമാണ്. അതിനാൽ ഫാം പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന മറുപടി പരിഗണനാർഹമല്ല. ചട്ട പ്രകാരമുള്ള തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് നൽകൽ-അപാകതകൾ

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-13-1 ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കുന്നു.

31.10.2017-ലെ സ.ഉ (പി) നമ്പർ-80/2017/തസ്വഭവ ഉത്തരവ് പ്രകാരമുള്ള കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം7 പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി ഫീസ് പട്ടിക-IIൽ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് 1000000 രൂപയിൽ കൂടാത്ത മൂലധനനിക്ഷേപമുള്ള സേവനമേഖലയിലുൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്ന പരമാവധി ഫീസ് 500 രൂപയാണ്. എന്നാൽ മൈക്രോ എന്റർപ്രൈസസ് വിഭാഗത്തിലുൾപ്പെട്ട ചുവടെ ചേർത്ത അപേക്ഷകളിൽ ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു.

| ക്രമ നം. | ലൈസൻസ് നമ്പർ & തീയതി | സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | 09/2022-23 /B2/009/2022 Dtd 01.04.2022 | വി.വി.സ്റ്റോഴ്സ്, മൂലങ്കോട് (പലചരക്ക് കട) | 1,00,000 | 500 |
| 2 | 12/2022-23 /B2/012/2022 Dtd 01.04.2022 | അബു സ്റ്റോഴ്സ്, കണച്ചിപ്പരുത | 10,000 | 300 |
| 3 | 23/2022-23 /B2/023/2022 Dtd 01.04.2022 | ചാമുണ്ണി ചലചരക്ക് കട | 50,000 | 200 |
| 4 | 53/2022-23 /B2/053/2022 Dtd 01.04.2022 | കബീർ.കെ.എം ചലചരക്ക് കട | 25,000 | 100 |

10,000രൂപ മൂലധനനിക്ഷേപമുള്ള ക്രമ നമ്പർ-2 സ്ഥാപനത്തിൽ നിന്ന് 300രൂപയും 50,000രൂപ മൂലധനനിക്ഷേപമുള്ള ക്രമ നമ്പർ-3 സ്ഥാപനത്തിൽ 200രൂപയുമാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. മൂലധന നിക്ഷേപത്തിന് ആനുപാതികമല്ലാതെ ഫീസ് ഈടാക്കിയിട്ടുള്ളതിന്റെ

കാരണം വ്യക്തമാക്കേണ്ടതാണ്. ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കുമ്പോൾ ഓരോ വിഭാഗത്തിലേയും സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപം അനുസരിച്ച് വ്യത്യസ്ത തുക ഈടാക്കുന്നതിന് ഭരണസമിതിക്ക് സ്ലാബ് നിശ്ചയിക്കാവുന്നതാണ് . ഇത്തരത്തിൽ സ്ളാബ് നിശ്ചയിച്ച് ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ടോ എന്നറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (08/21.08.2023) നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയതിൽ മേൽ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും ലൈസൻസ് പുതുക്കിവരുന്നതുമായതിനാൽ മുൻവർഷം ഈടാക്കിയ ഫീസ് ആണ് തൻവർഷവും ഈടാക്കുന്നത് എന്നറിയിച്ചിട്ടുണ്ട്. പുതിയ ലൈസൻസിന് ഫീസ് നിശ്ചയിക്കുന്നത് സ്ഥലപരിശോധന നടത്തിയും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലുമാണ്. 5ലക്ഷം വരെ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് പരമാവധി ഫീസ് 500രൂപ വരെ എന്നതിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കിയിരിക്കുന്നത് എന്നും മറുപടിയിൽ പറയുന്നുണ്ട്. എന്നാൽ പട്ടിക-IIൽ പ്രകാരം 10,000,00രൂപയിൽ കൂടാത്ത മൂലധനനിക്ഷേപമുള്ള സേവനമേഖലയിലുൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്ന പരമാവധി ഫീസ് 500 രൂപയാണ്. ഇതിൽ പരമാവധിയിൽ കുറഞ്ഞ ഫീസ് ഈടാക്കുന്നതിന് സ്ളാബ് നിശ്ചയിച്ച് ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ടോ എന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കുമ്പോൾ ഓരോ വിഭാഗത്തിലേയും സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപം അനുസരിച്ച് വ്യത്യസ്ത തുക ഈടാക്കുന്നതിന് ഭരണസമിതിക്ക് സ്ലാബ് നിശ്ചയിക്കാവുന്നതും അതിനാനുപാതികമായി മാത്രം ഫീസ് ഈടാക്കേണ്ടതും സ്ളാബ് നിശ്ചയിച്ച് അറിയിക്കേണ്ടതുമാണ്.

### 1-13-2 സ്ഥാപനം ലൈസൻസിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതിന്റെ പരിശോധന റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

7.06.2022 തീയതിയിൽ അംബുജാക്ഷി.കെ, കിഴക്കഞ്ചേരി എന്ന വ്യക്തി നൽകിയ വിവരാവകാശ അപേക്ഷ പ്രകാരം (SC2/909/22 തീയതി-08.06.2022) വാർഡ് -21ൽ മധു.എസ് കരുമനശ്ശേരി എന്ന വ്യക്തിയുടെ വീടിന് പിറകിൽ സ്ഥാപിച്ചിട്ടുള്ള മരഫർണ്ണീച്ചർ നിർമ്മാണ യൂണിറ്റിന്റെ ലൈസൻസ്, പ്രവർത്തിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി, നിർമ്മാണ യൂണിറ്റിൽ മരപ്പൊടിയും മറ്റ് മാലിന്യങ്ങളും സംസ്കരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്നിങ്ങനെയുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻഓഫീസർ 27.06.2022ന് നൽകിയ മറുപടി തൃപ്തികരമല്ലാതിരുന്നതിനാൽ അപ്പീൽ അധികാരിയായ ആലത്തൂർ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർക്ക് അപ്പീൽ നൽകിയിട്ടുണ്ട്. അപ്പീൽ അധികാരി നൽകിയ മറുപടിയിൽ കേരള സർക്കാരിന്റെ 21.01.2020 ലെ സ.ഉ(സാധാ)നം.160/2020/ത.സ്വ.ഭ.വ പ്രകാരം നാനോ ഹൗസ്ഹോൾഡ് യൂണിറ്റുകളെയാണ് (5 ലക്ഷം രൂപയോ അതിൽ താഴെയോ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ് കാറ്റഗറിയിൽ വരുന്നതുമായ 5 എച്ച്.പി യോ അതിൽ താഴെയോ ലോഡ് കണക്റ്റിവിറ്റിയുള്ള യൂണിറ്റുകൾ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുള്ളത് എന്നതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 233 ബി പ്രകാരമോ മേൽ ഉത്തരവ് പ്രകാരമോ പ്രസ്തുത സ്ഥാപനം ഗ്രാമ പഞ്ചായത്ത് അനുവദിക്കുന്ന ലൈസൻസിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് തുടർന്ന് നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ടും നിലവിൽ ഈ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ലെന്ന സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെ റിപ്പോർട്ട്/ മൊഴി അടിസ്ഥാനപ്പെടുത്തി അപ്പീലിന്മേലുള്ള തുടർപ്രക്രിയ അവസാനിപ്പിച്ചുകൊണ്ടും ഉത്തരവായിട്ടുള്ളതാണ്.

സ്ഥാപനം ഗ്രാമ പഞ്ചായത്ത് അനുവദിക്കുന്ന ലൈസൻസിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോ എന്ന്

പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/21.08.2023) നിലവിൽ ടി സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻഓഫീസർ 27.06.2022ന് നൽകിയ മറുപടിയിൽ നാനോ ഹൗസ്ഹോൾഡ് യൂണിറ്റുകളെ (5 ലക്ഷം രൂപയോ അതിൽ താഴെയോ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ് കാറ്റഗറിയിൽ വരുന്നതുമായ 5 എച്ച്.പി യോ അതിൽ താഴെയോ ലോഡ് കണക്റ്റിവിറ്റിയുള്ള യൂണിറ്റുകൾ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുള്ളതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 233 ബി പ്രകാരമോ മേൽ ഉത്തരവ് പ്രകാരമോ പ്രസ്തുത സ്ഥാപനം ഗ്രാമ പഞ്ചായത്ത് അനുവദിക്കുന്ന ലൈസൻസിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. 27.06.2022 തീയതി വരെ പ്രവർത്തിച്ചിരുന്ന സ്ഥാപനം പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പരിശോധനാ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

### 1-14 വസ്തുനികുതി -സഞ്ചയ സോഫ്റ്റ് വെയർ, രേഖകൾ എന്നിവയുടെ പരിശോധന

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207 വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203 വകുപ്പ് പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി രേഖകൾ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-14-1 വസ്തു നികുതി ഇളവ് നൽകിയതിലെ അപാകത

സഞ്ചയയിൽ 11/151 നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ ലിജോ. റ്റി. പോൾ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ കൈവശക്കാരന്റെ പേര് സെക്രട്ടറി, കോരഞ്ചിറ അങ്കണവാടി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കോരഞ്ചിറ അങ്കണവാടി പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലാണ്. 15 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 11/151 നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം വിദ്യാഭ്യാസാവശ്യത്തിനുള്ള സർക്കാർ സ്കൂൾ കെട്ടിടം എന്ന് രേഖപ്പെടുത്തുകയും അടിസ്ഥാന വസ്തു നികുതി നിരക്ക് ച.മീറ്ററിന് 5രൂപ നിരക്കിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കോരഞ്ചിറ അങ്കണവാടിക്ക് സ്വന്തമായി കെട്ടിടമുള്ളപ്പോൾ ലിജോ. റ്റി. പോൾ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് കോരഞ്ചിറ അങ്കണവാടിയുടെ കൈവശക്കാരൻ എന്ന് രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/25.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടം ഉപയോഗിക്കുന്നത് ഏത് ആവശ്യത്തിനാണ് എന്ന് പരിശോധിക്കേണ്ടതും കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി പുനർനിർണ്ണയം നടത്തേണ്ടതും ഫോറം 6 പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

### 1-14-2 10/589 നമ്പർ മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ 10/589 നമ്പർ മൊബൈൽ ടവറിന്റെ 2023 രണ്ടാം പകുതി വരെയുള്ള വസ്തുനികുതി കുടിശ്ശിക 78,323രൂപ ഈടാക്കാനവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ) | ചുമത്തിയ നികുതി (LCഉൾപ്പടെ) (രൂപ) | കുടിശ്ശിക തുക (രൂപ) | കുടിശ്ശിക വർഷം |
|---|---|---|---|---|
| 10/589 അലക്സാണ്ടർ | 15 | 7443 | 78,323 | 2013 1st Half മുതൽ |

മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ 25.08.2023 തീയതിയിലെ ഓഡിറ്റ് അന്വേഷണം:29ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

1-14-3 സഞ്ചയ ഡാറ്റാബേസിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വിവരം കൃത്യമല്ല

സഞ്ചയ ഡാറ്റാബേസിൽ ഗ്രാമപഞ്ചായത്തിൽ 5 എം.എസ്.എം.ഇ കൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നിലവിൽ താത്കാലികമായി പ്രവർത്തിക്കുന്ന വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനായ എന്റർപ്രൈസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് ഓഡിറ്റിന് നൽകിയ ഡാറ്റ പ്രകാരം ഗ്രാമപഞ്ചായത്തിൽ 22 എം.എസ്.എം.ഇ കൾ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളതായി ബോധ്യപ്പെട്ടു.

പ്രസ്തുത സ്ഥാപനങ്ങളുടെ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് ആധികാരികത ഉറപ്പാക്കി അർഹരായ വ്യവസായങ്ങളെ 2006 ലെ എം.എസ്.ഇം.ഇ ഡെവലപ്മെന്റ് ആക്ട് അനുസരിച്ചുള്ള കാറ്റഗറിയിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കേണ്ടതാണ്.

1-14-4 വസ്തുനികുതി പരിഷ്കരണം 2023- അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ അഞ്ചു വർഷത്തിലൊരിക്കൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി അവസാനമായി നിശ്ചയിച്ചത് 01.04.2013 പ്രാബല്യത്തിലാണ്. എന്നാൽ സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നികുതി പുതുക്കി നിശ്ചയിക്കേണ്ടിയിരുന്ന 01.04.2018 ൽ പുതുക്കി നിശ്ചയിക്കൽ നടന്നിരുന്നില്ല. ആറാം സംസ്ഥാന ധനകാര്യ കമ്മിഷൻ അതിന്റെ രണ്ടാം റിപ്പോർട്ടിൽ വസ്തു നികുതി പരിഷ്കരണം നടത്തുന്നതിന് ശുപാർശ നൽകിയിട്ടുമുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 203, പ്രകാരം 25 ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും നിലവിലെ സാഹചര്യത്തിൽ സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ച് പ്രസ്തുത വ്യവസ്ഥയിൽ ഇളവു വരുത്തി വർഷം തോറും 5% (അഞ്ചു ശതമാനം) എന്ന തോതിൽ 01.04.2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തുനികുതിനിർണ്ണയ നടപടികളും വസ്തുനികുതി നിർണ്ണയത്തിനു ശേഷം തറവിസ്തീർണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികളും വസ്തുനികുതിയിൽ നൽകാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

01.04.2023 തീയതി മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന്റെ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) നടപടിക്രമങ്ങളുടെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പരിശോധന വിവരങ്ങളാണ് പ്രത്യേക ഖണ്ഡികയായി ചുവടെ ചേർത്തിട്ടുള്ളത്. വസ്തുനികുതി നിർണ്ണയ(സഞ്ചയ) സോഫ്റ്റ്‌വെയർ പ്രകാരം കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ 21 വാർഡുകളിലായി 15220 കെട്ടിടങ്ങളാണ് നിലവിലുള്ളത്.

വസ്തു നികുതി പരിഷ്കരണ നിരക്കുകളും മേഖലകളും റോഡിന്റെ തരംതിരിവും പുതുക്കൽ

01.04.2023 മുതലുള്ള വസ്തു നികുതി പരിഷ്കരണ നിരക്കുകൾ, മേഖലകൾ, റോഡുകളുടെ തരംതിരിവ് എന്നിവ 12.06.2023 തീയതിയിലെ 16/1 നമ്പർ ഭരണസമിതി തീരുമാനപ്രകാരം അന്തിമമായി അംഗീകരിച്ച് 29.07.2023 ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണത്തിന് സഞ്ചയ സോഫ്റ്റ് വെയറിലെ ക്രമീകരണം

01.04.2023 മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന് നാളിതുവരെയായും സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണം വന്നിട്ടില്ല. നിലവിൽ കെട്ടിട നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് മുൻനിശ്ചയിച്ച പ്രകാരമുള്ള (2013ലെ) അടിസ്ഥാന വസ്തു നികുതി നിരക്കുകളാണ് ഈടാക്കി വരുന്നത് . ഇതിൽ സഞ്ചയയിലെ എല്ലാ കെട്ടിടങ്ങൾക്കും പഴയനിരക്കിലുള്ള വസ്തുനികുതിയുടെ 5% വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ സ്വമേധയാ ഉണ്ടായിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്ത് നൽകുന്ന മുറയ്ക്ക് നിലവിൽ 2023-24 മുതൽ കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം

വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ളോമ(സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ, എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി അതത് തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി കെട്ടിട നമ്പറിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. ഓരോ കെട്ടിടവും പരിശോധന നടത്തുന്നതിനൊപ്പം അതിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിലേക്ക് പരിശോധന നടത്തുന്നവർ തന്നെ ഡാറ്റാ എൻട്രി നടത്തി ചേർക്കേണ്ടതാണ്.

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി 19.07.2023 തീയതിയിലെ 40082/HRAS11 /GPO/2023/5168/(3) നടപടിക്രമം പ്രകാരം 7 പേരെ നിയമിച്ചിട്ടുണ്ട്. മൊബൈൽ ആപ്ളിക്കേഷൻ ലഭ്യമാകുന്ന മുറയ്ക്ക് വിവരശേഖരണം ആരംഭിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം-3/18.08.2023)

ആകെ 25 കെട്ടിടങ്ങളുടെ 9 B ഫോറങ്ങളാണ് കെട്ടിട ഉടമകൾ സ്വമേധയാ സമർപ്പിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 ട്രഷറി റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിലെ അപാകതകൾ

അക്കൗണ്ട് നമ്പർ-799013000000016, സബ് ട്രഷറി വടക്കഞ്ചേരി

31.03.2023 തീയതിയിലെ ട്രഷറി റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് -5,43,831രൂപയാണ്. ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പായി തുകയൊന്നും തന്നെ അവശേഷിക്കുന്നില്ല. വിവിധ ചെലവുകൾക്കായി 29.03.2023 തീയതിയിൽ ചെക്ക് നമ്പർ 7795460 പ്രകാരം 5,43,831രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ട്രഷറിയിൽ നിന്ന് പിൻവലിക്കപ്പെട്ടിട്ടില്ലാത്തതിനാൽ റീ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Issued But Not Presented എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2022-23 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ (RP-40(b) Cash And Bank Balance, കോഡ്-450210104) നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് -5,43,779രൂപയാണ്. 52രൂപയുടെ വ്യത്യാസമുണ്ട്. ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയാണ് റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ നീക്കിയിരിപ്പായി വരേണ്ടത്. റീകൺസീലിയേഷൻ പൂർത്തീകരിച്ചശേഷം ബാങ്ക് ബുക്കിൽ തിരുത്തലുകൾ വരുത്തിയതിനാലാണോ നീക്കിയിരിപ്പ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നതെന്ന് വിശദമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (11/22.08.2023)നൽകിയിരുന്നു.

ലഭ്യമാക്കിയ മറുപടി

റീ കൺസീലിയേഷൻ പൂർത്തീകരിച്ചതിന് ശേഷം 21.10.2022 തീയതിയിലെ വൗച്ചർ നമ്പർ-32200202 പ്രകാരമുള്ള കോൺട്ര എൻട്രി 52രൂപ തെറ്റായി Treasury Account Of Traditional Functions Fund എന്ന ഹെഡിൽ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോൺട്ര ക്ളിയർ ചെയ്യുകയുമാണ് ഉണ്ടായിട്ടുള്ളത്. കോൺട്ര ക്ളിയർ ചെയ്തത് 2023 ജൂലൈ മാസത്തിലാണ്. ആയത് ക്ളിയർ ചെയ്യുമ്പോൾ വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചിരുന്നില്ല. ആയതിനാൽ ടി തുക റസീപ്റ്റ് & പേയ്മെന്റിൽ വർദ്ധനവ് വരികയും റീകൺസീലിയേഷൻ ക്ളോസ് ചെയ്തതിനാൽ ആയതിൽ വർദ്ധനവ് ഉണ്ടായിട്ടില്ലാത്തതുമാകുന്നു. ഈ വ്യത്യാസം 2023 ജൂലൈ മാസത്തിലെ റീകൺസീലിയേഷനിൽ ക്രമീകരിച്ച് ബാങ്ക്ബുക്ക് ബാലൻസും പാസ്ബുക്ക് ബാലൻസും തുല്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഓരോ മാസത്തെയും ബാങ്ക് റീകൺസീലിയേഷൻ പൂർത്തീകരിച്ചാൽ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുക ബന്ധപ്പെട്ട അക്കൗണ്ടിന്റെ തൻവർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ (RP-40(b) Cash And Bank Balance, കോഡ്-450210104) നീക്കിയിരിപ്പായി വരേണ്ടതാണ്. റീകൺസീലിയേഷൻ ക്ളോസ് ചെയ്യുകയും റീകൺസീലിയേഷൻ പൂർത്തീകരിച്ചശേഷം ബാങ്ക് ബുക്കിൽ തിരുത്തലുകൾ വരുത്തുന്നത് സാദ്ധ്യമാവുകയും ചെയ്യുമ്പോഴാണ് നീക്കിയിരിപ്പ് തുകകളിൽ വ്യത്യാസം ഉണ്ടാകുന്നത്. ഇത്തരത്തിൽ തിരുത്തലുകൾ വരുത്തുന്നത് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലുള്ള ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെ ആധികാരികതയെ ബാധിക്കുന്നതാണ്. ആയതിനാൽ റീകൺസീലിയേഷൻ ക്ലോസ് ചെയ്യുകയും ബാങ്ക് ബുക്കിൽ തിരുത്തലുകൾ വരുത്തുന്നത് സാദ്ധ്യമാവുകയും ചെയ്യുന്ന സംവിധാനത്തിലുള്ള ന്യൂനത പരിഹരിക്കേണ്ടതാണ്.

1-16 നിക്ഷേപിച്ച തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിൽ കാലതാമസം

എം.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേഷൻ ചെലവുകളുടെ തുക റീക്കൂപ്പ് ചെയ്യുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിൽ നിന്ന് കോപ്പറേറ്റീവ് ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് 8,91,702രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്ക് ഓഫ് ബറോഡ, കിഴക്കഞ്ചേരി<br>(എം.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ട്) | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കിഴക്കഞ്ചേരി<br>(തനത് ഫണ്ട്) |
|---|---|
| അക്കൗണ്ട് നം-67250100003714<br>ചെക്ക് നം & തീയതി-2264 & 31.03.2023<br>തുക – 8,91,702/-<br>തുക പിൻവലിച്ച തീയതി-04.04.2023 | അക്കൗണ്ട് നം-0010160000103<br><br>തുക നിക്ഷേപിക്കപ്പെട്ട തീയതി-24.04.2023 |

എം.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേഷൻ ചെലവുകളുടെ തുകയായ 8,91,702രൂപ എം.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിൽ നിന്ന് തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത് 31.03.2023 തീയതിയിലെ 2264 നമ്പർ ചെക്ക് പ്രകാരമാണ്. 04.04.2023ന് ബാങ്ക് ഓഫ് ബറോഡയിൽ നിന്ന് പിൻവലിക്കപ്പെട്ടിട്ടുള്ള ഈ തുക സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത് 26.04.2023 തീയതിയിലാണ്. എം.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിൽ നിന്ന് പിൻവലിക്കപ്പെട്ടിട്ടുള്ള തുക തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ഉണ്ടായിട്ടുള്ള

കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 22.08.2023 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ-12ന് ലഭ്യമാക്കിയ മറുപടിയിൽ ബാങ്ക് ഓഫ് ബറോഡയിൽ നിന്ന് 04.04.2023 തീയതിയിൽ പിൻവലിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഓരോ ദിവസവും രസീതി ചെയ്യാറില്ലെന്നും ഓരോ പ്രത്യേക തീയതികളിൽ ബാങ്കിൽ നിന്നും സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി രസീത് ചെയ്തുവരുന്നതിനാലാണ് 26.04.2023 തീയതിയിൽ ബാങ്കിൽ വരവ് വെച്ചിട്ടുള്ളതെന്നും കിഴക്കഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും അറിയിച്ചിട്ടുള്ളതായി പറയുന്നത് അംഗീകരിക്കാവുന്നതല്ല. 8,91,702രൂപ 22 ദിവസങ്ങൾക്ക് ശേഷം ക്രെഡിറ്റ് ചെയ്യുമ്പോൾ ഈ കാലയളവിലുള്ള പലിശ ലഭിക്കുകയില്ല. മാത്രവുമല്ല ഈ തുക ഈ കാലയളവിൽ പഞ്ചായത്തിന് ഉപയോഗിക്കാനും കഴിയില്ല. ഇത്തരത്തിൽ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നതിൽ കാലതാമസം ഉണ്ടാവുന്നതിന് പരിഹാരം കാണേണ്ടതാണ്.

## 1-17 സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം-അപാകതകൾ

സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് സേവന പെൻഷൻ സോഫ്റ്റ് വെയർ, ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-17-1 ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുകയോ ട്രാൻസ്ഫർ ചെയ്യുകയോ ചെയ്തതിനാൽ പെൻഷൻ ലഭിച്ചിട്ടില്ലാത്തവർ

സേവന പെൻഷൻ സോഫ്റ്റ് വെയറിൽ ലഭ്യമായ ആക്റ്റീവ് പെൻഷനേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുകയോ ട്രാൻസ്ഫർ ചെയ്യുകയോ ചെയ്തിട്ടുള്ളതിനാൽ പെൻഷൻ ലഭിച്ചിട്ടില്ലാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

കർഷക തൊഴിലാളി പെൻഷൻ

കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്ന 1113 പെൻഷനർമാരാണ് ഗ്രാമപഞ്ചായത്തിലുള്ളത് (24.08.2023വരെ).

1.പെൻഷണർ ഐഡി- 108800100740

പെൻഷണറുടെ പേര്- തങ്ക, ഇളവമ്പാടം

അക്കൗണ്ട് നമ്പർ- 0332053000004119, സൗത്ത് ഇന്ത്യൻ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം - Mar-2003

മസ്റ്ററിങ്ങ് /ലൈഫ് സർട്ടിഫിക്കറ്റ്- സമർപ്പിച്ചിട്ടില്ല

2003 മാർച്ച് മാസം മുതൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. സേവന സോഫ്റ്റ് വെയറിലെ ഡിബിറ്റി വിതരണ വിവരങ്ങൾ പ്രകാരം 2022 മാർച്ച് മാസം മുതൽ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാങ്ക്/പോസ്റ്റ് ഓഫീസ് റിമാർക്ക്സിൽ Account Closed Or Transferred എന്നും രേഖപ്പെടുത്തി കാണുന്നു. ഈ വ്യക്തിക്ക് 2022 മാർച്ച് മാസം മുതൽ പെൻഷൻ ലഭിച്ചിട്ടില്ല.

2.പെൻഷണർ ഐഡി- 108800101938

പെൻഷണറുടെ പേര്- ദേവി, ഇളങ്കാതട്

അക്കൗണ്ട് നമ്പർ- 201601011004425, വിജയ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം - 01.10.2011

മസ്റ്ററിങ്ങ് /ലൈഫ് സർട്ടിഫിക്കറ്റ്- സമർപ്പിച്ചിട്ടില്ല

2011 ഒക്ടോബർ മാസം മുതൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. സേവന സോഫ്റ്റ് വെയറിലെ ഡിബിറ്റി

വിതരണ വിവരങ്ങൾ പ്രകാരം 2021 മെയ് മാസം മുതൽ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാങ്ക്/പോസ്റ്റ് ഓഫീസ് റിമാർക്ക്സിൽ 2021 മെയ് മുതൽ 2022 ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽ Account Closed Or Transferred എന്നും 2022 സെപ്റ്റംബർ മുതൽ2023 ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ Participant Not Mapped To The Product എന്നും തുടർന്നുള്ള മാസങ്ങളിൽInvalid Bank Identifier എന്നും രേഖപ്പെടുത്തി കാണുന്നു.

ഇന്ദിരാഗാന്ധി ദേശീയ വാർ ദ്ധ്യക്യകാല പെൻഷൻ

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധ്യക്യകാല പെൻഷൻ ലഭിക്കുന്ന 4208 പെൻഷനർമാരാണ് ഗ്രാമപഞ്ചായത്തിലുള്ളത് (24.08.2023വരെ).

3. പെൻഷണർ ഐഡി- 108800200128

പെൻഷണറുടെ പേര്- കൃഷ്ണനെഴുത്തച്ചൻ, തിരുവ്വറ

അക്കൗണ്ട് നമ്പർ- 201601010001215, വിജയ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം - 01.03.2003

മസ്റ്ററിങ്ങ് /ലൈഫ് സർട്ടിഫിക്കറ്റ്- സമർപ്പിച്ചിട്ടില്ല

സേവന സോഫ്റ്റ് വെയറിലെ ഡിബിറ്റി വിതരണ വിവരങ്ങൾ പ്രകാരം 2021 സെപ്റ്റംബർ മാസം മുതൽ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാങ്ക്/പോസ്റ്റ് ഓഫീസ് റിമാർക്ക്സിൽ 2021 സെപ്റ്റംബർ മുതൽ 2022 ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽ Account Closed Or Transferred എന്നും 2022 സെപ്റ്റംബർ മുതൽ 2023 ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ Participant Not Mapped To The Product എന്നും തുടർന്നുള്ള മാസങ്ങളിൽInvalid Bank Identifier എന്നും രേഖപ്പെടുത്തി കാണുന്നു.

4. പെൻഷണർ ഐഡി- 108800200646

പെൻഷണറുടെ പേര്- ഔസേപ്പ് വർക്കി

അക്കൗണ്ട് നമ്പർ- 201601011004196, വിജയ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം - 20.08.2013

മസ്റ്ററിങ്ങ് /ലൈഫ് സർട്ടിഫിക്കറ്റ്- സമർപ്പിച്ചിട്ടില്ല

സേവന സോഫ്റ്റ് വെയറിലെ ഡിബിറ്റി വിതരണ വിവരങ്ങൾ പ്രകാരം 2022 ഫെബ്രുവരി മാസം മുതൽ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാങ്ക്/പോസ്റ്റ് ഓഫീസ് റിമാർക്ക്സിൽ 2022 ഫെബ്രുവരി മുതൽ 2022 ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽ Account Closed Or Transferred എന്നും 2022 സെപ്റ്റംബർ മുതൽ 2023 ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ Participant Not Mapped To The Product എന്നും തുടർന്നുള്ള മാസങ്ങളിൽ Invalid Bank Identifier എന്നും രേഖപ്പെടുത്തി കാണുന്നു.

5. പെൻഷണർ ഐഡി- 108800200646

പെൻഷണറുടെ പേര്- വള്ളിയമ്മ.സി

അക്കൗണ്ട് നമ്പർ- 201601011001780, വിജയ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം - 01.01.2014

മസ്റ്ററിങ്ങ് /ലൈഫ് സർട്ടിഫിക്കറ്റ്- സമർപ്പിച്ചിട്ടില്ല

സേവന സോഫ്റ്റ് വെയറിലെ ഡിബിറ്റി വിതരണ വിവരങ്ങൾ പ്രകാരം 2021 സെപ്റ്റംബർ മാസം മുതൽ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാങ്ക്/പോസ്റ്റ് ഓഫീസ് റിമാർക്ക്സിൽ 2021 സെപ്റ്റംബർ മുതൽ 2022 ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽ Account

Closed Or Transferred എന്നും 2022 സെപ്റ്റംബർ മുതൽ 2023 ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ Participant Not Mapped To The Product എന്നും തുടർന്നുള്ള മാസങ്ങളിൽInvalid Bank Identifier എന്നും രേഖപ്പെടുത്തി കാണുന്നു.

6. പെൻഷണർ ഐഡി- 108800202592

പെൻഷണറുടെ പേര്- കണ്ടമുത്തൻ

അക്കൗണ്ട് നമ്പർ-201601010004273 , വിജയ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം - 01.05.2016

മസ്റ്ററിങ്ങ് /ലൈഫ് സർട്ടിഫിക്കറ്റ്- സമർപ്പിച്ചിട്ടില്ല

സേവന സോഫ്റ്റ് വെയറിലെ ഡിബിറ്റി വിതരണ വിവരങ്ങൾ പ്രകാരം 2021 സെപ്റ്റംബർ മാസം മുതൽ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാങ്ക്/പോസ്റ്റ് ഓഫീസ് റിമാർക്ക്സിൽ 2021 സെപ്റ്റംബർ മുതൽ 2022 ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽ Account Closed Or Transferred എന്നും 2022 സെപ്റ്റംബർ മുതൽ 2023 ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ Participant Not Mapped To The Product എന്നും തുടർന്നുള്ള മാസങ്ങളിൽ Invalid Bank Identifier എന്നും രേഖപ്പെടുത്തി കാണുന്നു.

മേൽ പെൻഷനേഴ്സിന് പെൻഷൻ ലഭിക്കാത്തതിനുള്ള കാരണം പരിശോധിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/25.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-17-2 മസ്റ്ററിങ് ചെയ്യിട്ടില്ലാത്തതിനാൽ പെൻഷൻ ലഭിച്ചിട്ടില്ലാത്തവർ

കർഷക തൊഴിലാളി പെൻഷൻ

1.പെൻഷണർ ഐഡി- 108800100745

പെൻഷണറുടെ പേര്- മറിയാമ്മ, കോരഞ്ചിറ

അക്കൗണ്ട് നമ്പർ- 201601231003574, വിജയ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം - 01.03.2003

മസ്റ്ററിങ്ങ് /ലൈഫ് സർട്ടിഫിക്കറ്റ്- മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യിട്ടില്ല.

2.പെൻഷണർ ഐഡി- 108800101228

പെൻഷണറുടെ പേര്-സരസ്വതി , മമ്പാട്ടുതറ

അക്കൗണ്ട് നമ്പർ- 201601231001126, വിജയ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം - 01.03.2003

മസ്റ്ററിങ്ങ് /ലൈഫ് സർട്ടിഫിക്കറ്റ്- മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യിട്ടില്ല.

3.പെൻഷണർ ഐഡി- 108800101742

പെൻഷണറുടെ പേര്- തങ്ക, കാരപ്പാടം

അക്കൗണ്ട് നമ്പർ- 201601031000004, വിജയ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം - 02.02.2009

മസ്റ്ററിങ്ങ് /ലൈഫ് സർട്ടിഫിക്കറ്റ്- മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യിട്ടില്ല.

ഇന്ദിരാഗാന്ധി ദേശീയ വാർ ദ്ധ്യക്യകാല പെൻഷൻ

4. പെൻഷണർ ഐഡി -108800200752

പെൻഷണറുടെ പേര്- ജാനകി കെ ആർ, കരുമനശ്ശേരി

അക്കൗണ്ട് നമ്പർ- 36961867779, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

പെൻഷൻ വിതരണം തുടങ്ങിയ മാസം - 01.01.2003

മസ്റ്ററിങ്ങ് /ലൈഫ് സർട്ടിഫിക്കറ്റ്- മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

5. പെൻഷണർ ഐഡി -108800200552

പെൻഷണറുടെ പേര്-രത്നവല്ലിവാരസ്യാർ, കരുമനശ്ശേരി

അക്കൗണ്ട് നമ്പർ- 201601010000718, വിജയ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം - 01.06.2013

മസ്റ്ററിങ്ങ് /ലൈഫ് സർട്ടിഫിക്കറ്റ്- മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

6. പെൻഷണർ ഐഡി -108800201136

പെൻഷണറുടെ പേര്-ജാനകി.എം

അക്കൗണ്ട് നമ്പർ- 201601011004041, വിജയ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം - 01.01.2014

7. പെൻഷണർ ഐഡി -108800201632

പെൻഷണറുടെ പേര്-കൃഷ്ണൻ.എ

അക്കൗണ്ട് നമ്പർ- 201601231002260, വിജയ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം - 08.05.2014

8.പെൻഷണർ ഐഡി -108800202280

പെൻഷണറുടെ പേര്-ചെല്ലക്കണ്ണൻ കെ എ

അക്കൗണ്ട് നമ്പർ- 201601231002465, വിജയ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം - 01.02.2016

9. പെൻഷണർ ഐഡി-108800202309

പെൻഷണറുടെ പേര്-മറിയാമ്മ ജോൺ

അക്കൗണ്ട് നമ്പർ- 201601131000102, വിജയ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം - 15.03.2016

ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ

ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ ലഭിക്കുന്ന 1848 പെൻഷനർമാരാണ് ഗ്രാമപഞ്ചായത്തിലുള്ളത് (24.08.2023വരെ).

10. പെൻഷണർ ഐഡി-108800600018

പെൻഷണറുടെ പേര്-കാളി

അക്കൗണ്ട് നമ്പർ-201601231003507 , വിജയ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം - 01.03.2003

11. പെൻഷണർ ഐഡി -108800600328

പെൻഷണറുടെ പേര്- മല്ലിക

അക്കൗണ്ട് നമ്പർ-20160101007828, വിജയ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം -01.03.2003

പുനർവിവാഹിതയല്ല സർട്ടിഫിക്കറ്റ് ഇല്ല As On 1.2.23

12. പെൻഷണർ ഐഡി-108800601312

പെൻഷണറുടെ പേര്- സരോജം

അക്കൗണ്ട് നമ്പർ-20160105100914, വിജയ ബാങ്ക്

പെൻഷൻ വിതരണം തുടങ്ങിയ മാസം -24.01.2014

മസ്റ്ററിങ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ 2019 ഓഗസ്റ്റ് മാസം മുതൽ പെൻഷൻ തടഞ്ഞ് വച്ചിരിക്കുന്നു. മേൽ വ്യക്തികൾ മരണപ്പെട്ടതാണോ എന്ന് പരിശോധിക്കാവുന്നതും അതിനനുസരിച്ച് ആക്ടീവ് പെൻഷനേഴസ് ലിസ്റ്റിൽ നിന്ന് ഒഴിവാക്കാവുന്നതുമാണ്. തുടർവിവരം അറിയിക്കേണ്ടതാണ്.

1-17-3 ഡിബിറ്റി വിതരണ വിവരങ്ങളിൽ Deceased എന്ന് രേഖപ്പെടുത്തിയ വ്യക്തി ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റിൽ തുടരുന്നു.

പെൻഷണർ ഐഡി- 108800500063

പെൻഷണറുടെ പേര്- രാധാമണി. കെ

അക്കൗണ്ട് മോഡ് - ഡയറക്റ്റ് റ്റു ഹോം

ആധാർ നമ്പർ- 966128703896

പെൻഷൻ വിതരണം തുടങ്ങിയ മാസം - 17.10.2018

2019 ഏപ്രിൽ മാസത്തിലാണ് മേൽ വ്യക്തി അവസാനമായി പെൻഷൻ തുക കൈപ്പറ്റിയിട്ടുള്ളത്. 2019 മെയ് , ജൂൺ, ജൂലൈ മാസങ്ങളിലെ പെൻഷൻ തുക 3600രൂപ കൈമാറാൻ സാധിച്ചിട്ടില്ല എന്നാണ് ഡിബിറ്റി വിതരണ വിവരങ്ങളിൽ പെൻഷൻ സ്റ്റാറ്റസ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാങ്ക് /പോസ്റ്റ് ഓഫീസ് റിമാർക്സിൽ Deceased എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 2019 ഓഗസ്റ്റ് മാസം മുതൽ മസ്റ്ററിങ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ തുക തടഞ്ഞുവെക്കുന്നു എന്നും രേഖപ്പെടുത്തി കാണുന്നു. വീടുകളിൽ നേരിട്ട് പെൻഷൻ എത്തിച്ചു കൊടുക്കപ്പെടുന്ന (അക്കൗണ്ട് മോഡ് - ഡയറക്റ്റ് റ്റു ഹോം) ഈ വ്യക്തിക്ക് പെൻഷൻ വിതരണം ചെയ്യുന്നില്ലെങ്കിലും Deceased എന്ന് രേഖപ്പെടുത്തിയതിനു ശേഷവും ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റിൽ തുടരുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/25.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. Deceased എന്ന് രേഖപ്പെടുത്തിയതിനു ശേഷവും മേൽ വ്യക്തി ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റിൽ തുടരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-18 എ.ബി.സി പ്രോഗ്രാം വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം. | 296/23 (എ.ബി.സി പ്രോഗ്രാം) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 350000/- (വികസനഫണ്ട്-ജനറൽ) |

| | |
|---|---|
| ചെലവ് | 350000/- (വികസനഫണ്ട്-ജനറൽ) |
| ബിൽ നം/ തിയതി | 3/24.01.2023, ₹.350000/- |

2022-23 വർഷത്തിൽ തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായിട്ടുള്ള എ.ബി.സി പ്രോഗ്രാമിന്റെ ഭാഗമായി 350000/- രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക (അക്കൗണ്ട് നം.79901140000 2200) നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.23/25.08.2023) മറുപടി ലഭിച്ചിട്ടില്ല

ടി തുകയുടെ വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്.

## 1-19 പഠനമുറി നിർമ്മാണം- മാർഗ്ഗരേഖ പാലിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | 86/23 (പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി-സ്പിൽഓവർ) |
| അടങ്കൽ | ₹.100000/- വികസനഫണ്ട്-TSP |
| ചെലവ് | ₹.100000/- വികസനഫണ്ട്-TSP |
| ബിൽ നം/ തിയതി | 2/26.05.2022, ₹.50000/-<br>4/05.07.2022, ₹.50000/- |

2021-22 വർഷത്തിൽ പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 2 വിദ്യാർത്ഥികളായ സിനോജ്, S/o.സുക, അമ്പിട്ടൻതരിശ്ശ്, കിഴക്കഞ്ചേരി, ആകാശ്, S/o.സുധാകരൻ, കൊട്ടുമ്പാല, കിഴക്കഞ്ചേരി എന്നിവർക്ക് അവസാന ഗഡുവായ 50000/- രൂപ വീതം അസി.എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തൻവർഷം നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ സിനോജ്, S/o.സുക എന്ന വിദ്യാർത്ഥി പണിത പഠനമുറിയുടെ വിസ്തീർണ്ണം 18.63 Sq.m(200 Sq.ft) ഉം ആകാശ്, S/o.സുധാകരൻ എന്ന വിദ്യാർത്ഥി പണിത പഠനമുറിയുടെ വിസ്തീർണ്ണം 13.46 Sq.m(144.8 Sq.ft) ഉം ആണ്.

സബ്സിഡി മാർഗ്ഗരേഖ നം.സ.ഉ(കൈ)നം.115/2022/തസ്വഭവ, തിയതി.28.05.2022-ലെ ഖണ്ഡിക 7.2.13 പ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് 800 ചതുരശ്ര അടിയിലധികരിക്കാത്ത നിലവിലുള്ള വീടിനോട് ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറിയാണ് നിർമ്മിക്കാവുന്നത്.

മാർഗ്ഗരേഖ പാലിക്കാതെ പഠനമുറി നിർമ്മാണം നടത്തിയതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/25.08.2023) മറുപടി ലഭിച്ചിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ പാലിച്ചുകൊണ്ടാണ് പഠനമുറി നിർമ്മാണം നടത്തിയതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-20 കന്നുകുട്ടി പരിപാലനം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 120/23 (കന്നുകുട്ടി പരിപാലന പദ്ധതി) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | വികസന ഫണ്ട്(ജനറൽ) -312500/- ,<br>മറ്റുള്ളവ-312500/-, ആകെ-625000) |

| | |
|---|---|
| ചെലവ് | 312500/- വികസന ഫണ്ട്(ജനറൽ) |
| ബിൽ നം/ തിയതി | 9/22-23, Dt.18.03.23തുക.312500/- |

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ 4 മുതൽ 6 മാസം വരെ പ്രായംവരുന്ന കന്നുകുട്ടികളുള്ള 25 ക്ഷീരകർഷകർക്ക് കന്നുകുട്ടി പരിപാലനത്തിന് കാലിത്തീറ്റ നൽകുന്നതാണ് പദ്ധതി.

കന്നുകുട്ടി പരിപാലനത്തിനുള്ള സംസ്ഥാന വിഹിതവും തദ്ദേശ ഭരണസ്ഥാപന വിഹിതവും അടക്കമുള്ള (6250+6250) തുക അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് പ്രോഗ്രാം ട്രഷറി അക്കൗണ്ടിലേയ്ക്ക് (A/c No.714021400000008) കൈമാറുകയും കാലിത്തീറ്റ മമ്പാട് ക്ഷീര വ്യവസായ സംഘം മുഖേന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 2022-23 വർഷത്തിലെ കാലിത്തീറ്റ 25 ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള തുക അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് പ്രോഗ്രാമിന് നൽകിയിട്ടുണ്ട്. കാലിത്തീറ്റ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം/വിനിയോഗിക്കാത്ത തുക തിരികെ അടവാക്കിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.25/25.08.2023) മറുപടി ലഭിച്ചിട്ടില്ല.

കാലിത്തീറ്റ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ, പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം/വിനിയോഗിക്കാത്ത തുക തിരികെ അടവാക്കിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 ബയോഗ്യാസ് പ്ലാന്റ് വിതരണരേഖകൾ ഹാജരാക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥൻ : VEO

പ്രോജക്ട് നമ്പർ/പേര് : 242/23 (ബയോഗ്യാസ് പ്ലാന്റ്-SO )

അടങ്കൽ : 297675/- (180000- ധനകാര്യക്കമ്മീഷൻ, 24120-തനത് ഫണ്ട്, മറ്റുള്ളവ-93555)

ചെലവ്: 205000/-

വൗച്ചർ നം.1) XVFC/2022-23/P/134, 30.01.2023, ₹139000/-

2) ചെക്ക് നം 2220082/27.01.2023, ₹66,000/-

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഒ.ഡി.എഫ് പ്ലസ്- സമ്പൂർണ്ണ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പോർട്ടബിൾ ബയോ ഗ്യാസ് യൂണിറ്റ് (0.5 മീറ്റർ ക്യൂബ്) വിതരണം ചെയ്യുന്നതിനായി സേവന ദാതാക്കളിൽ നിന്നും 22.11.2022-ന് ടെണ്ടർ ക്ഷണിക്കുകയും കുറവ് ക്വട്ടേഷനായ ഒരു ബയോഗ്യാസ് പ്ലാന്റിന് 10250/- എന്ന നിരക്ക് രേഖപ്പെടുത്തിയ ഇന്നൊവേറ്റീവ് എനർജി സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരം 20 ബയോഗ്യാസ് പ്ലാന്റിനുള്ള 205000/- രൂപ ടി സ്ഥാപനത്തിന് നൽകുകയും അവ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

1) 20 ബയോഗ്യാസ് പ്ലാന്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

2) നിർവഹണ ഉദ്യോഗസ്ഥനും വിതരണക്കാരനും തമ്മിൽ കരാർ ഉടമ്പടി ചമച്ചിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.27/25.08.2023) മറുപടി
ലഭിച്ചിട്ടില്ല.വിതരണവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-22 പി.എം.എ.വൈ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

പ്രോജക്ട് നമ്പർ/പേര് : പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം

അടങ്കൽ : 90000/- (വികസനഫണ്ട്-എസ്.സി.പി)

ചെലവ്: 90000/-

ബിൽ നം. തിയതി -183/26.11.22-45000

273/24.1.23 – 45000

പി.എം.എ.വൈ ഭവനനിർമ്മാണത്തിനുള്ള വിഹിതമായി ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് 90000/- രൂപ നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.28/25.08.2023) മറുപടി ലഭിച്ചിട്ടില്ല. പി.എം.എ.വൈ ഭവനനിർമ്മാണത്തിനുള്ള വിഹിതമായി അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-23 അങ്കണവാടി പോഷകാഹാരം- ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അധികമായി നൽകി.

| | |
|---|---|
| പ്രോജക്ട് നം. | 47/23 (അങ്കണവാടി പോഷകാഹാരം-ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | വികസനഫണ്ട്(ജനറൽ)-3500000/-, കേന്ദ്രാവിഷ്കൃത ഫണ്ട്-2000000/-, ബ്ലോക്ക് വിഹിതം-200000/-<br>ആകെ-5700000/- |
| ചെലവ് | വികസനഫണ്ട്(ജനറൽ)-2084159/-, കേന്ദ്രാവിഷ്കൃത ഫണ്ട്-596557/-, ബ്ലോക്ക് വിഹിതം-100000/-<br>ആകെ-2780716/- |

അങ്കണവാടി പോഷകാഹാരം എന്ന പ്രോജക്ടിന്റെ ഭാഗമായി മാവേലി സ്റ്റോറിൽ നിന്നും വാങ്ങുന്ന ഭക്ഷ്യ സാധനങ്ങൾ അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനായി വാഹനസൗകര്യം ഏർപ്പെടുത്തുന്നതിലേയ്ക്കായി ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറവ് ക്വട്ടേഷനായ ഒരു കിലോഗ്രാമിന് 3 രൂപ എന്ന നിരക്ക് രേഖപ്പെടുത്തിയ ശ്രീ.ഷാജഹാൻ, പുത്തങ്കൽ വീട്, കിഴക്കഞ്ചേരി എന്നയാളുടെ KL.33.C-6341 എന്ന വാഹനത്തിന്റെ ക്വട്ടേഷൻ 29.08.2022-ലെ 17(2) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബിൽ നം.14/22-23, തീയതി.30.01.2023, പ്രകാരം ₹.51009/- (വികസനഫണ്ട്-ജനറൽ) ഏപ്രിൽ 2022 മുതൽ നവംബർ 2022 വരെയുള്ള മാസങ്ങളിൽ ഇറക്കിയ ഭക്ഷ്യ സാധനങ്ങളുടെ വാഹനവാടകയിനത്തിൽ കിലോഗ്രാമിന് 3 രൂപ എന്ന നിരക്കിൽ ശ്രീ.ഷാജഹാന് നൽകിയിട്ടുണ്ട്.

കിലോഗ്രാമിന് 3 രൂപ നിരക്ക് 29.08.2022-ലെ 17(2)നമ്പർ തീരുമാന പ്രകാരമാണ് ഭരണസമിതി അംഗീകരിച്ചിട്ടുള്ളത്. 29.08.2022 തീയതിയ്ക്കു ശേഷം ഇറക്കുന്ന ഭക്ഷ്യസാധനങ്ങൾക്കാണ് കിലോഗ്രാമിന് 3 രൂപ എന്ന നിരക്ക് എന്ന വാഹനവാടക ബാധകമാകുന്നത്. അതിനു മുൻപ് ഇറക്കിയ ഭക്ഷ്യസാധനങ്ങൾക്ക് ബാധകമായത് 25.09.2021-ലെ 13/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച കുറവ് ക്വട്ടേഷനായ ശ്രീ.ഷാജഹാൻ, പുത്തങ്കൽ വീട്, കിഴക്കഞ്ചേരി എന്നയാളുടെ കിലോഗ്രാമിന് 2.50 രൂപ എന്ന നിരക്കാണ്.

2022 ഏപ്രിൽ മുതൽ 2022 ആഗസ്റ്റ് വരെ ഇറക്കിയ ഭക്ഷ്യസാധനങ്ങൾക്ക് കിലോഗ്രാമിന് 2.50 രൂപ എന്ന നിരക്ക് നൽകുന്നതിനു പകരം കിലോഗ്രാമിന് 3 രൂപ എന്ന നിരക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇറക്കിയ മാസം | ഇറക്കിയ സാധനങ്ങൾ (കി.ഗ്രാം) | നൽകിയ തുക (3/kg) | നൽകാവുന്നത് (2.5/kg) | അധികം നൽകിയത് |
|---|---|---|---|---|
| 2022 ഏപ്രിൽ മുതൽ 2022 ജൂലൈ വരെ | 7999.5 | 23999 | 19999 | 4000 |
| 2022 ജൂലൈ | 600 | 1800 | 1500 | 300 |
| ആകെ | | | | 4300 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.13/23.08.2023) മറുപടി ലഭിച്ചില്ല

അധികമായി നൽകിയ തുകയായ 4300/- രൂപ ബന്ധപ്പെട്ട ഡ്രൈവറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-24 സാക്ഷരതാ തുല്യതാ പരിപാടി- രേഖകൾ ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം | 134/23 (പത്ത്, ഹയർസെക്കണ്ടറി തുല്യതാപഠനം) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ | 150000/- ( വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 141000/- |
| ബിൽ നം | 6/22-23, തിയതി.29.03.23, തുക.141000/- |

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്ലസ് ടു, പത്താം ക്ലാസ്സ് തുല്യതാ പരിശീലനം ഫീസ് ലഭ്യമാക്കൽ എന്ന പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ഫയൽ പരിശോധിച്ചതിൽ പഠിതാക്കളുടെ കോഴ്സ് പഠനത്തിനുള്ള അപേക്ഷകൾ, രജിസ്ട്രേഷൻ നടപടികളുടെ വിശദാംശങ്ങൾ, പരിശീലന ക്ലാസ്സുകളുടെ വിവരങ്ങൾ, ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവയും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ വിവരങ്ങളും ലഭ്യമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.14/23.08.2023) മറുപടി ലഭിച്ചിട്ടില്ല.
പഠിതാക്കളുടെ കോഴ്സ് പഠനത്തിനുള്ള അപേക്ഷകൾ, രജിസ്ട്രേഷൻ നടപടികളുടെ വിശദാംശങ്ങൾ, പരിശീലന ക്ലാസ്സുകളുടെ വിവരങ്ങൾ, ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവയും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-25 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - അപാകതകൾ

I)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | 111/23 (പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് ) |
| അടങ്കൽ | ₹.680000/- (650000-വികസനഫണ്ട്-SCP, 30000-തനത് ഫണ്ട്) |
| ചെലവ് | ₹.497250/- (വികസനഫണ്ട്-SCP) |
| ബിൽ നം/ തിയതി | 23/21.03.2023, ₹.497250/- |

മാർഗ്ഗരേഖ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകുക എന്നതാണ് പ്രോജക്റ്റ്.

ടി പ്രോജക്ടിന്റെ ഭാഗമായി 15 ലാപ്പ്ടോപ്പുകൾ ജെം മുഖേന ADCOM Systems എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും ഇൻവോയ്സ് നം.GEM-27495375, തീയതി.14.02.2023 പ്രകാരം ലാപ്പ്ടോപ്പുകൾ ലഭ്യമാകുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. E-way Bill No.159/10.02.2023 പ്രകാരം ലാപ്പ്ടോപ്പുകൾ ലഭ്യമായിട്ടുള്ളത് 2023 ഫെബ്രുവരിയിലാണ്. ഗുണഭോക്തൃ ലിസ്റ്റിൽ 16 വിദ്യാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ സുജിഷ.ഇ.എസ്, നിരഞ്ജന.ആർ.എൻ എന്നീ വിദ്യാർത്ഥികൾ 2023-ൽ ബിരുദം പൂർത്തിയാക്കുന്ന വിദ്യാർത്ഥിനികളാണ്.

പ്രോജക്ടിന്റെ ഭാഗമായി തുക ചെലവഴിച്ചിട്ടുള്ളതും ലാപ്പ്ടോപ്പുകൾ ലഭിച്ചിട്ടുള്ളതും സാമ്പത്തിക വർഷാവസാനമാണ്. ലാപ്പ്ടോപ്പുകൾ ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ ലാപ്പ്ടോപ്പുകൾ വിദ്യാർത്ഥിനികൾക്ക് നൽകുന്ന സമയത്ത് അവരുടെ കോഴ്സ് പൂർത്തിയാകുകയും അവർക്ക് പഠനാവശ്യത്തിന് ലാപ്പ്ടോപ്പിന്റെ ഉപയോഗം ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്.

2) ലാപ്പ്ടോപ്പ് നൽകിയിട്ടുള്ള അഭിരാമി സുന്ദരൻ, കാരിക്കോട്ടിൽ, കോരച്ചിറ എന്ന MA ഹിന്ദി വിദ്യാർത്ഥിനിയ്ക്ക് സ്ഥാപന മേധാവി (Head, Department Of Hindi, Central University Of Tamilnadu) അനുവദിച്ചിട്ടുള്ള കോഴ്സ് സർട്ടിഫിക്കറ്റിൽ സർട്ടിഫിക്കറ്റ് അനുവദിച്ച തീയതി, ഏത് വർഷത്തെ കോഴ്സാണ് എന്നതു സംബന്ധിച്ച യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. ടി വിദ്യാർത്ഥി തൻവർഷം ആനുകൂല്യത്തിന് അർഹയാണോ എന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിച്ചിട്ടില്ല.

3) ലാപ്പ്ടോപ്പ് നൽകിയിട്ടുള്ള 15 വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും ലാപ്പ്ടോപ്പ് ലഭ്യമായിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരം അന്വേഷിച്ചുകൊണ്ട് അസി.സെക്രട്ടറി നൽകിയ കത്തിന് പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും ലഭ്യമായ 04.01.2023 തീയതിയിലെ ബി-12368/22 നമ്പർ കത്തിൽ ക്രമ നം. 8,10 പ്രകാരമുള്ള പട്ടികജാതി വിദ്യാർത്ഥികൾ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ലാപ്പ്ടോപ്പ് പദ്ധതിയിൽ 2022-23 വർഷം ലാപ്പ്ടോപ്പ് ലഭിക്കുവാൻ അർഹതയുണ്ട് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ക്രമ നം. 8 പ്രകാരമുള്ളത് അശ്വതി.ആർ, വക്കാല, ഇളവംപാടം എന്ന വിദ്യാർത്ഥിനിയും ക്രമ നം.10 പ്രകാരമുള്ളത് റിജുരാജ്, പുത്തൻകുളമ്പ്, ഇളവംപാടം വിദ്യാർത്ഥിയുമാണ്. ടി വിദ്യാർത്ഥികൾക്ക് തൻവർഷം കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും ലാപ്പ്ടോപ്പ് നൽകിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിലൂടെ ലാപ്പ്ടോപ്പിന് അർഹതയുള്ള ടി വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് മുഖേനയും ലാപ്പ്ടോപ്പ് നൽകിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

4) ജി എസ് ടി ഉൾപ്പെടെ (9%+9%) 497250/- രൂപ ADCOM Systems എന്ന സ്ഥാപനത്തിന്റെ 5115256000001 എന്ന അക്കൗണ്ടിലേയ്ക്ക് ലാപ്പ്ടോപ്പിന്റെ വിലയായി നൽകിയിട്ടുണ്ട്. നിയമാനുസൃത ജിഎസ് ടി ടിഡിഎസ് (2%) ഈടാക്കാതെ മുഴുവൻ തുകയും മേൽ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.

II)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | 147/23 (പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്-SO ) |
| അടങ്കൽ | ₹.610000/- (606240/-വികസനഫണ്ട്-SCP, 3760-തനത് ഫണ്ട്) |
| ചെലവ് | 606240/- (വികസനഫണ്ട്-SCP) |

| | |
|---|---|
| ബിൽ നം/ തിയതി | 8/02.09.2022, ₹.606240/- |

ടി പ്രോജക്ടിന്റെ ഭാഗമായി 18 ലാപ്പ്ടോപ്പുകൾ ജെം മുഖേന IT Professionals Co-operative Society എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും ഇൻവോയ്സ് നം.IT/22-23L95, തീയതി.21.07.2022 പ്രകാരം ലാപ്പ്ടോപ്പുകൾ ലഭ്യമാകുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ലാപ്പ്ടോപ്പുകൾ ലഭ്യമായിട്ടുള്ളത് 2022 ജൂലൈയിലാണ്.

ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പം ഹാജരാക്കിയിട്ടുള്ള സ്ഥാപന മേധാവി നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ, 08.11.2021 ന് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റിൽ രേഷ്മ.ആർ, ലക്ഷംവീട്, എളവംപാടം എന്ന എം.എസ്.സി (ലൈഫ് സയൻസ്) വിദ്യാർത്ഥി കോഴ്സ് കാലം 2017-2022 വർഷമാണെന്നും 30.09.2021 ന് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റിൽ ആതിര.സി, ശ്രീലകം, മമ്പാട്, കിഴക്കഞ്ചേരി എന്ന മൂന്നാം വർഷ ബി.കോം വിദ്യാർത്ഥിനിയുടെ മൂന്നാം വർഷ ബി.കോം 2021-2022 വർഷമാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ദിപിൻ.ആർ, വാൽകുളമ്പ്, കോരൻചിറ എന്ന വിദ്യാർത്ഥി സമർപ്പിച്ചിട്ടുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ തിരിച്ചറിയൽ സർട്ടിഫിക്കറ്റ് പ്രകാരം ടി വിദ്യാർത്ഥിയുടെ കോഴ്സ് കാലയളവ് 2019-22 ആണ്.

ലാപ്പ്ടോപ്പുകൾ വിദ്യാർത്ഥികൾക്ക് നൽകുന്ന സമയത്ത് അവരുടെ കോഴ്സ് പൂർത്തിയാകുകയും അവർക്ക് പഠനാവശ്യത്തിന് ലാപ്പ്ടോപ്പിന്റെ ഉപയോഗം ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്.

2) ജി എസ് ടി ഉൾപ്പെടെ (9%+9%) 606240/- രൂപ IT Professionals Co-operative Society എന്ന സ്ഥാപനത്തിന്റെ 39348170026 എന്ന അക്കൗണ്ടിലേയ്ക്ക് ലാപ്പ്ടോപ്പിന്റെ വിലയായി നൽകിയിട്ടുണ്ട്. ജിഎസ് ടി ടിഡിഎസ് (2%) ഈടാക്കാതെ മുഴുവൻ തുകയും മേൽ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.22/25.08.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്കായി നൽകുന്ന ലാപ് ടോപ് പഠനകാലത്ത് തന്നെ ലഭ്യമാകുന്ന വിധത്തിൽ ഗുണഭോക്തൃതിരഞ്ഞെടുപ്പ് നടത്തി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കേണ്ടതും വിതരണക്കാർക്ക് തുക അനുവദിക്കുമ്പോൾ നിയമാനുസൃത ജി.എസ്.ടി TDS ഈടാക്കി അടവാക്കേണ്ടതുമാണ്.

## 1-26 അഗതിരഹിത കേരളം -തുക പൂർണമായി വിനിയോഗിച്ചില്ല

പ്രോജക്ട് നമ്പർ 89/23

പ്രോജക്ട- അഗതിരഹിത കേരളം -പഞ്ചായത്ത് വിഹിതം

അടങ്കൽ - 400000 വികസന ഫണ്ട് ( ജനറൽ)

ചെലവ് - 400000 വികസന ഫണ്ട് (ജനറൽ)

നിർവ്വഹണം - സെക്രട്ടറി

ബിൽ നമ്പർ -1) 26/01.12.2023 -400000രൂപ

അഗതിരഹിതകേരളം പദ്ധതി പ്രകാരം പഞ്ചായത്തിലെ 230 ജനറൽ വിഭാഗ ഗുണഭോക്താക്കൾക്കും, 94 എസ്.ടി വിഭാഗഗുണഭോക്താക്കൾക്കും ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്തിട്ടുണ്ട്. മേൽ ബിൽ പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും 400000 രൂപ സി.ഡി.എസ് ചെയർപേഴ്സണിന്റെ പേരിലുള്ള ബറോഡാ ബാങ്കിലെ അക്കൗണ്ടിലേക്ക്( A/c No. 62750100000107) കൈമാറിയിട്ടുണ്ട്. ടി അക്കൗണ്ടിൽ അഗതികുടുംബങ്ങൾക്ക് ഭവനപുനരുദ്ധാരണത്തിനുവേണ്ടി നൽകുന്ന തുകകളും ഉൾപ്പെടുന്നു. രണ്ട് പദ്ധതിക്കായി പഞ്ചായത്ത് നൽകുന്ന തുകകളുടെ വിവരം പ്രത്യേകമായി എഴുതി സൂക്ഷിച്ചിട്ടില്ല.

പദ്ധതിക്കായി 31.03.2023 വരെ നടത്തിയ ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | തീയതി | ചെലവഴിച്ച തുക |
|---|---|---|
| 1 | 13.01.2023 | 48924 |
| 2 | 13.01.2023 | 122640 |
| 3 | 14.04.2023 (Que-bill) | 42850 |
| 4 | 14.04.2023 (Que-bill) | 106514 |
| | ആകെ | 320928 |

4 ലക്ഷം രൂപയിൽ ആകെ 320928 രൂപ ചെലവഴിച്ചിട്ടുണ്ട്. 31.03.2023 ബാങ്ക് പാസ്ബുക്കിലെ നീക്കിയിരിപ്പിലെ ചെലവഴിക്കാതെ അവശേഷിക്കുന്ന 488241 രൂപയിൽ 79072 രൂപ ടി പദ്ധതിയിലെ ചെലവഴിക്കാത്ത തുകയാണ്. തുക വിനിയോഗിക്കാതിരുന്നതിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 9/21.08.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ആശ്രയ ഗുണഭോക്താക്കൾക്ക് സാമ്പത്തിക വർഷാവസാനമായിട്ടും ബാക്കിയുള്ള 79072 രൂപ ചെലവഴിക്കാൻ കഴിഞ്ഞില്ലയെന്നും 2023-24 സാമ്പത്തിക വർഷം ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

അഗതിരഹിത കേരളം പദ്ധതിയിൽ ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യ കിറ്റ് നൽകൽ, ഭവന പുനരുദ്ധാരണം എന്നീ രണ്ട് പദ്ധതികളുടെ നടത്തിപ്പിന് ലഭിക്കുന്ന പ്ലാൻ ഫണ്ട് തുകകളുടെ വരവ് ചെലവ് കണക്കുകൾ വ്യക്തമാകുന്ന രീതിയിൽ വേർതിരിച്ച് എഴുതി സൂക്ഷിക്കുവാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി തുകകൾ സമയബന്ധിതമായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭിച്ചിട്ടില്ല

പ്രോജക്റ്റ് നമ്പർ 49/23

പ്രോജക്റ്റ്- ഹോമിയോ ആശുപത്രിക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ

അടങ്കൽ - 200000 MG(NR)

ചെലവ് - 200000 MG(NR)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ നമ്പർ -1) 6/22-23/09.02.2023 -200000രൂപ

ഹോമിയോ ആശുപത്രിക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി മേൽ സൂചിപ്പിച്ച ബിൽ നമ്പർ പ്രകാരം(ഇൻവോയ്സ് നമ്പർ PF-1084/26.12.2022 ) 200000രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റിവ് ഫാർമസി ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷം അവസാനിച്ചിട്ടും മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 10/22.08.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ 8/2023 ൽ 45000 രൂപയുടെ മരുന്ന് ലഭിച്ചുവെന്നും ബാക്കി 1,55,000/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശം

മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മരുന്ന് ലഭ്യമായാൽ സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-28 വനിതവിപണനകേന്ദ്രം -പ്രവർത്തനക്ഷമമാക്കണം

ഗ്രാമപഞ്ചായത്തിൽ വനിതവിപണനകേന്ദ്രം ആരംഭിക്കുന്നതിനായി കെട്ടിടം നിർമ്മിക്കുന്നതിനായി രണ്ട് പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.വിശദവിവരം താഴെ ചേർക്കുന്നു.

1.പ്രൊജക്ട് - വനിത വിപണന കേന്ദ്രം - (159/21-22),(64/22-23)

അടങ്കൽ- 16,00,000

ചെലവ് - 8/13.10.22-1000000 (Plan)-

22200515/13.10.22 -559706 (Own Fund)

നിർവഹണം - അസി.എഞ്ചിനീയർ

കരാറുകാരൻ -ശ്രീ.എം.വി പുഷ്കരൻ

അളവ് പുസ്തകം - 93/21-22

2. പ്രൊജക്ട് - വനിത വിപണന കേന്ദ്രം പൂർത്തീകരണം (371/23)

അടങ്കൽ- 14,00,000

ചെലവ് (2022-23 വർഷം) - 72/28.3.23-661432 (Plan)

2023-24 വർഷം ചെലവ് - 660868

പദ്ധതി പ്രകാരം 28,82,006രൂപ ചെലവഴിച്ച് വനിത വിപണനകേന്ദ്രം നിർമ്മിച്ചിട്ടുണ്ട്. 63 ച.മീറ്ററുള്ള ഹാൾ, സ്റ്റെയർ റൂം, വാഷ് റൂം ഉൾപ്പെട്ട കെട്ടിടമാണ് നിർമ്മിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറിക്കുള്ള - 18/24.8.23 - മറുപടിയായി കെട്ടിടം ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ച് കെട്ടിടത്തിൽ വനിത വിപണന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-29 മരാമത്ത് പ്രവൃത്തികൾ - ഫൈൻ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-02-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ച് നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല എന്നും കാണുന്നു.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പരായുള്ള കേരള പി.ഡബ്ള്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം ഓരോ പ്രാവശ്യവും അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ പ്രവൃത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. എന്നാൽ അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ഒരു കാരണവശാലും ദീർഘിപ്പിച്ചു നൽകാവുന്നതല്ല. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതുമാണ്. കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ ദീർഘിപ്പിക്കേണ്ടിവരുമ്പോൾ മാത്രമാണ് ഫൈൻ ഒഴിവാക്കാവുന്നത്. കൂടാതെ പൂർത്തീകരണകാലാവധിയുടെ 50% ൽ അധികം സമയം അനുവദിച്ചിട്ടുമുണ്ട്. പ്രവൃത്തി ദീർഘിപ്പിച്ചതിന്നാധാരമായ ഭരണസമിതി തീരുമാനം ഫയലിൽ ഇല്ല.

1. പാറശ്ശേരി IPP Centre നവീകരണം (384/21-22, 80/22-23)

അടങ്കൽ - 750000

PAC – 669615 (GST ഒഴികെ)

ചെലവ് - 749170

ബിൽ 15/31.1.23 -749170

അളവ് പുസ്തകം - 102/21-22

കരാറുകാരൻ - ശ്രീ.മനോജ്.എ.കെ

എഗ്രിമെന്റ് നം.: - 99/3.3.22

പ്രവൃത്തി ആരംഭിച്ച തിയതി - 3.3.22

കരാർ പ്രകാരം കാലാവധി-150 ദിവസം - 31.7.22 വരെ.

പ്രവൃത്തി പൂർത്തീകരിച്ചത്- 20.10.22

പ്രതികൂലകാലാവസ്ഥ കാരണം പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്ന കാരണമാണ് കരാറുകാരൻ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഫൈൻ ഇല്ലാതെ 27.11.22 വരെ ദീർഘിപ്പിക്കാവുന്നതാണ് എന്ന് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. 20.10.22 നാണ് പ്രവൃത്തി പൂർത്തിയായത്. ഫൈൻ ഈടാക്കാതെയാണ് കരാർ ദീർഘിപ്പിച്ച നൽകിയത്. ഒരു പ്രവൃത്തിക്ക് മാത്രം കാലാവസ്ഥ എന്ന കാരണം രേഖപ്പെടുത്തി മാസങ്ങളോളം കാലാവധി ദീർഘിപ്പിച്ച നൽകിയത് അംഗീകരിക്കാവുന്നതല്ല. PAC- (669615) -യുടെ 3% -തുക – 20088 രൂപ ഫൈനായി ഈടാക്കേണ്ടതായിരുന്നു. നിയമാനുസൃത ഫൈൻ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അളവ് പുസ്തകം പ്രകാരം 723030 രൂപയുടെ പ്രവൃത്തി 31.8.22 ന് ശേഷമാണ് നടത്തിയത്. കേരള ഫിനാൻസ് ആക്റ്റ്, 2019 പ്രകാരം 1-4-2019 മുതൽ മരാമത്ത് പ്രവൃത്തികൾക്കുള്ള സപ്ലിമെന്ററി എഗ്രിമെന്റിന്റെ മൂല്യം സപ്ലിമെന്ററി എഗ്രിമെന്റിൽ സമ്മതിക്കുന്ന തുകയ്ക്ക് അനുസരിച്ച് ആയിരിക്കേണ്ടതാണ്. സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000 രൂപയ്ക്കും 1 രൂപ വീതമാണ് . എന്നാൽ സപ്ലിമെന്ററി എഗ്രിമെന്റ് 200രൂപയുടെ സ്റ്റാമ്പ് പേപ്പറിലാണ് സമർപ്പിച്ചത്. 750 രൂപയുടെ മുദ്രപത്രത്തിലായിരുന്നു കരാർ വെയ്ക്കേണ്ടിയിരുന്നത്. ഓഡിറ്റ് എൻക്വയറിക്ക് - 20/24.8.23- ക്ക് മറുപടിയായി ഭാവിയിൽ സപ്ലിമെന്ററി എഗ്രിമെന്റ് കരാർ തുകയ്ക്ക് അനുസരിച്ചുള്ള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

2. പാറശ്ശേരി കുടിവെള്ളപദ്ധതി മോട്ടോർ മാറ്റി സ്ഥാപിക്കൽ (324/21-22, )

അടങ്കൽ - 971620 (CFC)

ചെലവ് -

104/22.7.22 -618738

172/30.3.23- 152905

അളവ് പുസ്തകം - 97/21-22

കരാറുകാരൻ - ശ്രീ.നസീർ.വി.വൈ

PAC - 805725

എഗ്രിമെന്റ് നം.: - 97/25.1.22 എഗ്രിമെന്റ് പ്രകാരം 150 ദിവസമാണ് കാലാവധി.

ആരംഭിച്ച തിയതി - 25.1.22

Completion As Per Agmt- 24.6.22 – ( കരാർ പ്രകാരം കാലാവധി-150 ദിവസം)

താഴെ പറയും പ്രകാരം കാലാവധി ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്.

| | | കാരണം |
|---|---|---|
| 1 St Extension | 25.9.22 വരെ | മഴ, കാലാവസ്ഥ |
| 2 Nd Extension | 25.12.22 വരെ | മെറ്റീരിയൽ കിട്ടാൻ വൈകി |
| 3 Rd Extension | 25.2.23 വരെ | കരാറുകാരന്റെ മകളുടെ വിവാഹം |

പ്രവൃത്തി പൂർത്തീകരണ കാലാവധി മേൽപറഞ്ഞ പ്രകാരം ദീർഘിപ്പിച്ചപ്പോൾ ഫൈൻ ഈടാക്കിയിട്ടില്ല. സപ്ലിമെന്ററി കരാർ വെച്ചിട്ടുമില്ല. കൂടാതെ പൂർത്തീകരണകാലാവധിയുടെ 50% ലധികം സമയം ദീർഘിപ്പിച്ച നൽകുന്നതും ക്രമപ്രകാരമല്ല

നിയമാനുസൃതം PAC – 805725- യുടെ 3% – 24171 രൂപ -ഫൈൻ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-30 പാറശ്ശേരി എർത്ത്ഡാം റോഡ് പുനരുദ്ധാരണം -അപാകതകൾ

പ്രൊജക്ട് - പാറശ്ശേരി എർത്ത്ഡാം റോഡ് പുനരുദ്ധാരണം (273/22)

അടങ്കൽ - 495000 (MGR)

ചെലവ് - 456230

ബിൽ- 7/13.10.22 – 456230

അളവ് പുസ്തകം - 35/21-22

കരാറുകാരൻ - ശ്രീ.എൽദോസ് ജോയ്

കരാർ 18/6.12.21

APAC – 485486

പാറശ്ശേരി എർത്ത്ഡാം റോഡ് പുനരുദ്ധാരണപദ്ധതി നടപ്പിലാക്കുന്നതിനായി നിർവഹണ ഉദ്യോഗസ്ഥനും കരാറുകാരനും തമ്മിൽ 6.12.21 ന് കരാർ വെച്ചിട്ടുണ്ട്. 5.5.22 നകം പ്രവൃത്തി പൂർത്തിയാക്കണം എന്നാണ് കരാർ വ്യവസ്ഥ. എന്നാൽ സൈറ്റ് ഹാൻഡ് ഓവർചെയ്തിട്ടുള്ളത് 9.5.22 ന് മാത്രമാണ്. പ്രവൃത്തിക്ക് ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭ്യമാകുന്നത് 22.4.22 (No-G2- 1352/22) നാണ്. പഞ്ചായത്തും ഇറിഗേഷൻ വകുപ്പും തമ്മിൽ ഇതിനായി കരാർ ചമച്ചത് 7.5.22 നാണ്.

പി.ഡബ്ല്യു.ഡി മാനവൽ 2102.1 പ്രകാരം കരാർ ചമച്ച് 10 ദിവസത്തിനകം സൈറ്റ് ഹാൻഡ് ഓവർ ചെയ്യേണ്ടതാണ്. എന്നാൽ കരാർ കാലാവധി കഴിഞ്ഞ ശേഷമാണ് സൈറ്റ് ഹാൻഡ് ഓവർചെയ്തിട്ടുള്ളത്.

ഇറിഗേഷൻ വകുപ്പിന് നൽകിയ അപേക്ഷയോടൊപ്പമുള്ള സ്കെച്ച് മാറ്റി നൽകേണ്ടി വന്നതിനാലാണ് കാലതാമസം ഉണ്ടായത് എന്നും ടെണ്ടർ നടത്തി കരാർ വച്ചാൽ മാത്രമേ സ്പിൽ ഓവറാക്കാൻ കഴിയൂ എന്നതിനാലാണ് കരാർ വെച്ചത് എന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക്- 26/25.8.23- മറുപടി നൽകിയത്.

ആവശ്യമായ അനുമതികൾ ലഭ്യമാക്കിയ ശേഷം മാത്രം പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാർ വെയ്ക്കേണ്ടതും പി.ഡബ്ല്യു.ഡി മാനവലിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

1-31 മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ

1. ആസ്തിസംരക്ഷണം- സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (1) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി

തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കേണ്ടതാണ് എന്നും സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (2) പ്രകാരംഅംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

ഓഡിറ്റ് എൻക്വയറിക്ക് -19/24.8.23- ന് മറുപടിയായി സാങ്കേതികപ്രശ്നങ്ങൾ കാരണം കെട്ടിടങ്ങളുടെ ജിയോടാഗിംഗ് നടത്താൻ കഴിഞ്ഞിട്ടില്ല എന്നും മറ്റ് ആസ്തികൾ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

റോഡ് പ്രവൃത്തികൾ - പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ - ജി.ഒ (എം.എസ്) 84&86/2022/ത.സ്വ.ഭ.വ /19.04.22 പ്രകാരമുള്ള ഡ്രെയ്നേജ് പ്ലാനും ആസ്തി സംരക്ഷണ പദ്ധതിയും തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

2.പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

ഓഡിറ്റ് വർഷം 160 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 130 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്. വകയിരുത്തിയ 71416512 രൂപയിൽ 55064711 രൂപ മാത്രമാണ് ചെലവഴിച്ചത്. പദ്ധതികളുടെ ബാഹുല്യം കാരണമാണ് പദ്ധതികൾ പൂർത്തിയാക്കാൻ കാലതാമസം ഉണ്ടാവുന്നത് എന്നാണ് എൻക്വയറിക്കുള്ള മറുപടിയായി അറിയിച്ചത്.

3.ചട്ടപ്രകാരമുള്ള ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നില്ല .

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.14.7 പ്രകാരം പൊതുമരാമത്ത് പണികളുടെ സംക്ഷിപ്തവിവരം അടങ്ങിയ ഒരു ബോർഡ് അതത് പണിസ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3) ൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ് പ്ലേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണം. ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്. ഓഡിറ്റ് വർഷം നടപ്പിലാക്കിയ പ്രവൃത്തികൾക്ക് ഇപ്രകാരം ബോർഡ് സ്ഥാപിച്ചിട്ടില്ല.

നിലവിൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നുണ്ട് എന്നാണ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുള്ളത്.

4.മോണിറ്ററിംഗ് കാര്യക്ഷമമല്ല .

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.14.(1) പ്രകാരം പ്രോജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ

ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റി, പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മോണിറ്ററിംഗ് സമിതികൾ ഇത്തരം വിലയിരുത്തൽ നടത്തിയതിന്റെ വിവരങ്ങൾ ഫയലിലില്ല. പൂരിപ്പിക്കാത്ത മോണിറ്ററിംഗ് റിപ്പോർട്ട് ചെയർമാൻ മാത്രം ഒപ്പുവച്ച് ഫയലിൽ സൂക്ഷിച്ചതായാണ് കാണുന്നത്. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഭാവിയിൽ മോണിറ്ററിംഗ് റിപ്പോർട്ട് കൃത്യമായി തയ്യാറാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

1-32 തെരുവു വിളക്കുകളുടെ പരിപാലനം മെച്ചപ്പെടുത്തേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

തെരുവു വിളക്കുകളുടെ പരിപാലന ം സംബന്ധിച്ച്

തെരുവു വിളക്കുകളുടെ വാർഡ് തിരിച്ചുള്ള കൃത്യമായ എണ്ണം കാണിക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 1009980 /-രൂപ കെ.എസ്.ഇ.ബി കിഴക്കഞ്ചേരി ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ട്. പഞ്ചായത്തും കെ.എസ്.ഇ.ബി യും തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. തെരുവു വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചാണ്.

തെരുവ് വിളക്കുകളുടെ മെയിന്റനൻസിനായി തൻവർഷം താഴെ പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്റ്റ് നം./ പേര് | അടങ്കൽ | ചെലവ് | ഫണ്ടിനം |
|---|---|---|---|---|
| 1 | 225/23തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപണി(സ്പിൽ ഓവർ) | 141000 | 140678 | തനത് ഫണ്ട് |
| 2 | 95/23തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപണി (സ്പിൽ ഓവർ) | 400000 | 164280 | വികസന ഫണ്ട് |
| 3 | 91/23 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് സാമഗ്രികൾ വാങ്ങൽ | 300000 | 194231 | വികസന ഫണ്ട് |
| | ആകെ | 841000 | 499189 | |

തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ്, അറ്റകുറ്റപ്പണികൾക്കായി ഏകദേശം 15 ലക്ഷം രൂപ പ്രതിവർഷം ചെലവ് വരുന്നുണ്ട്.

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004

(എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. തെരുവ് വിളക്കുകളിൽ പൂർണ്ണമായും മീറ്ററിംങ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം, മീറ്ററിംഗ് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 17/23.08.2023 ന് തെരുവ് വിളക്കുകളുടെ വാർഡ് തിരിച്ചുള്ള എണ്ണം കാണിക്കുന്ന രജിസ്റ്റർ കാലികമാക്കിയിട്ടില്ലെന്നും, തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ലായെന്നുമാണ് അറിയിച്ചത്. സംയുക്ത പരിശോധന നടത്തുന്നതിന് കെ.എസ്.ഇ.ബി ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് അടുത്ത ഭരണസമിതി യോഗത്തിൽ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും, മീറ്റർ സംവിധാനം ഭാഗികമായെ ഏർപ്പെടുത്തിയിട്ടുള്ളുവെന്നും ലഭ്യമാക്കിയ മറുപടിയിൽഅറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3. അറ്റകുറ്റപണികൾക്ക് ആവശ്യകത വിലയിരുത്തി മാത്രം എ.എം.സി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്യാരന്റി/ വാരന്റി കാലയളവിലുള്ള വിളക്കുകൾ എ.എം.സിയിൽ ഉൾപ്പെടുത്താതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

4.എല്ലാ തെരുവ് വിളക്കുകളും മീറ്റർ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

5.തെരുവ് വിളക്ക് സാമഗ്രികൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്ററും , രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവയും സൂക്ഷിക്കേണ്ടതാണ്.

## 1-33 ഉപയോഗശൂന്യമായ പൊതു ടാപ്പുകളുടെ ഡിസ്കണക്ഷൻ - ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് - പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കൽ വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ (109/23)

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 500000 വികസന ഫണ്ട് ( ജനറൽ)ചെലവ് - 500000 വികസന ഫണ്ട് (ജനറൽ)

ബിൽ നമ്പർ -1) 11/22.08.2022 -500000രൂപ

ഉപയോഗശൂന്യമായ പൊതു ടാപ്പുകളുടെ ഡിസ്കണക്ഷനുവേണ്ടി കേരള വാട്ടർ അതോറിറ്റിയിൽ 5 ലക്ഷം രൂപയുടെ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി ആലത്തൂർ സെക്ഷനു കീഴിൽ 2/2022 മാസത്തെ കണക്ക് പ്രകാരം പഞ്ചായത്തിൽ ആകെ 372 പൊതു ടാപ്പുകളുള്ളതായും, അതിൽ 68 ടാപ്പുകളുടെ കണക്ഷനുകൾ നിലനിർത്തേണ്ടതാണെന്നും, ബാക്കിയുള്ള 304 ടാപ്പുകളുടെ കണക്ഷനുകൾ വിച്ഛേദിക്കേണ്ടതാണെന്നും, 16.03.2023 ലെ കേരള വാട്ടർ അതോറിറ്റി, ആലത്തൂർ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയരുടെ കത്തോടൊപ്പം ഉള്ളടക്കം ചെയ്ത ലിസ്റ്റിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇതിനായി 11/22.08.2022 ബിൽ നമ്പർ പ്രകാരം 500000 രൂപ കേരള വാട്ടർ അതോറിറ്റിയുടെ ബാങ്ക് അക്കൌണ്ടിൽ (A/c. No.67147990082) കൈമാറിയിട്ടുണ്ട്.

ഉപയോഗശൂന്യമായ/കണക്ഷൻ വിച്ഛേദിക്കേണ്ടതെന്ന് സൂചിപ്പിച്ചിട്ടുള്ള 304 എണ്ണം കണക്ഷനുകളും

വിച്ഛേദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2/2023 വരെ പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജിനത്തിൽ പ്രതിമാസം 179428 രൂപയും (വൗച്ചർ നമ്പർ. 22200804/ 20.01.2023), 3/2023 ലെ 126001 രൂപയുമാണ് അടവാക്കിയിട്ടുള്ളത് (വൗച്ചർ നമ്പർ. 22201082/ 24.03.2023).

വാട്ടർ അതോറിറ്റിയുടെ വിനിയോഗ സാക്ഷ്യപത്രത്തിൽ 175456 രൂപ വിനിയോഗിച്ചതായും, 324544 രൂപ ബാക്കിയുള്ളതായും സൂചിപ്പിച്ചിട്ടുണ്ട്.ആവശ്യമില്ലാത്ത ടാപ്പുകൾ അടിയന്തിരമായി ഒഴിവാക്കേണ്ടതും ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതുമാണ്. കണക്ഷൻ വിച്ഛേദിക്കപ്പെട്ടവയുടെ എണ്ണം വാട്ടർ ചാർജ്ജിനത്തിൽ സംഭവിച്ച കുറവ് എന്നിവയുടെ വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2022-23 | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ആലത്തൂർ | 2021-22 | 530000 | ലൈഫ് മിഷൻ | 100000 | 430000 ROP ആയി തിരിച്ചടച്ചു |
| | 2022-23 | 120000 | 344/23-എസ്.സി.ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 120000 | 0 |
| | | 650000 | 185/23-ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 650000 | 0 |
| | 2022-23 | 125000 | 113/23-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർ ഷിപ്പ് | 125000 | 0 |
| | 2022-23 | 100000 | 47/22- അങ്കണവാടി അനുപൂരക പോഷകാഹാരം | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 530000 | 87/23- ലൈഫ് ഭവനം | 530000 | 0 |
| | | 1200000 | 84/23- ലൈഫ് ഭവനം-എസ്.സി | 1200000 | 0 |
| | | 620000 | 83/23-ലൈഫ് ഭവനം | 620000 | 0 |
| | | | ആകെ(2022-23 മാത്രം) | 3345000 | |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2022-23 | 1406500 | 138/23- സ്ഥിരനെൽ കൃഷിക്ക് കൂലിച്ചെലവ് | 1406500 | 0 |
| | 2022-23 | 3780000 | 84/23- ലൈഫ് ഭവനം-എസ്.സി | 3780000 | 0 |
| | | 680000 | 83/23-ലൈഫ് ഭവനം(ജ) | 680000 | 0 |
| | | 250000 | 185/23-.ക്ഷീരകർഷകർക്ക് പാൽ | 250000 | 0 |
| | | | ആകെ ജില്ല (2022-23 മാത്രം) | 6116500 | |
| മറ്റ് ഗ്രാമപഞ്ചായത്ത് | | | ജലജീവൻ മിഷൻ സ്ഥലം | | |
| കണ്ണമ്പ്ര | | 550000 | | | |
| വണ്ടാഴി | | 235000 | | | |
| വടക്കഞ്ചേരി | | 600000 | ആകെ ചെലവ് | 1334200 | 50800 |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് വൈദ്യുതി ബോർഡിലും, ഉപയോഗശൂന്യമായ പൊതു ടാപ്പുകളുടെ ഡിസ്കണക്ഷന് കേരള വാട്ടർ അതോറിറ്റിയിലും തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് & പ്രോജക്ട് നമ്പർ | ബിൽ/ ചെക്ക് നമ്പർ | അനുവദിച്ച തുക | ചെലവഴിച്ച തുക | വിനിയോഗ സാക്ഷ്യ പത്രം |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി കിഴക്കഞ്ചേരി ഡിവിഷൻ | 94/23 വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 15/ 15.09.2022 | 556800 | 556800 | ലഭിച്ചു |
| | 226/23 സ്ട്രീറ്റ് ലൈൻ വലിക്കൽ-മുടപ്പല്ലൂർ കെ.എസ്.ഇ.ബി ഡിവിഷൻ (സ്പിൽ ഓവർ) | 16/ 15.09.2022 | 12234 | 12234 | ലഭിച്ചു |
| കേരള വാട്ടർ അതോറിറ്റി, | 109/23 ഉപയോഗ ശൂന്യമായ പൊതു ടാപ്പുകളുടെ ഡിസ്കണക്ഷന് | 11/ 22.08.2022 - | 500000 | 175456 | 324544 രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ- തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭ്യമായത് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| KURDFC ലോൺ - ലൈഫ് പദ്ധതി | | 34818941 | 31826941 | 4420000 | 4086859 | - | 32160082 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1800/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | 1-11 (തൊഴിൽനികുതി) | 1800 | മാനേജിംഗ് പാർട്ണർ | 110200102 / 02-08-2022 |
| | ആകെ | 1800/- | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2006-07 | 2009-10 | 3-7.5(1) | പിട്ടുക്കാരികുളമ്പ് ജലസംഭരണം- ഭൗതികലക്ഷ്യം കൈവരിച്ചില്ല | സമിതിയുടെ സിറ്റിംഗ് കഴിഞ്ഞിട്ടുള്ളതാണ്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 2006-07 | 2009-10 | 3-8.10(1) | ഭവന നിർമ്മാണ പദ്ധതി-860000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | ടി |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 24940810 |
| ഓഡിറ്റ് വർഷത്തെ വരവ് | 83632916 |
| ആകെ | 108573726 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 73826330 |
| നീക്കിയിരിപ്പ് | 34747396 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഭാഗം-1 പ്രകാരമുള്ള നഷ്ടം | 48559 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | --- |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | മേൽവിലാസം |
|---|---|---|---|
| 1-23 | 4300 | ശ്രീമതി.ബിനിത ഐ.സി.ഡി.എസ്. സൂപ്പർവൈസർ | കിഴക്കേപറമ്പിൽ ഹൗസ്. പൊൻകണ്ടം |
| 1-29 | 44259 | ശ്രീ.ബിനേഷ്.എം അസി.എഞ്ചിനീയർ | ഊരത്ത് പള്ളിയാലിൽ ഹൗസ് പെരുമ്പാലം കുമ്പിടി പാലക്കാട് |
| | 48559 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | --- | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ -പി.കെ.ഡി.10/848 /2022തിയതി 1.12.2022 (ഓഡിറ്റ് അദാലത്ത്) | റിപ്പോർട്ട് തീർപ്പാക്കി |
| 1997-98 | ടി | ടി |
| 1998-99 | ടി | 1 |
| 1999-00 | ടി | റിപ്പോർട്ട് തീർപ്പാക്കി |
| 2000-01 | ടി | ടി |
| 2001-02 | ടി | ടി |
| 2002-03 | ടി | ടി |
| 2003-04 | ടി | ടി |
| 2004-05 | ടി | ടി |
| 2005-06 | ടി | 1 |
| 2006-07 | ടി | 3 |
| 2007-08 | ടി | 3 |
| 2008-09 | ടി | 7 |
| 2009-10, 2010-11 | ടി | 4 |
| 2011-12 | ടി | 11 |
| 2012-13, 2013-14, 2014-15 | ടി | 7 |
| 2015-16 | ടി | 12 |
| 2016-17 | നം.കെ.എസ്.എ പി.കെ.ഡി9-1644/2017 /2.11.2017 | 15 |
| 2017-18 | നം.കെ.എസ്.എ-പി.കെ.ഡി9/537 /2019/20.06.2019 | 5 |
| 2018-19 | നം.കെ.എസ്.എ-പി.കെ.ഡി9/1386 /2020/8.1.2021 | 7 |
| 2019-20 | നം.കെ.എസ്.എ.പി.കെ.ഡി9/878 /2022/26.10.22 | 12 |
| 2020-21 | നം.കെ.എസ്.എ.പി.കെ.ഡി9/1846 /2021/26.10.22 | 12 |
| 2021-22 | നം.കെ.എസ്.എ.പി.കെ.ഡി10/597/2023 തീയതി 19-04-2023 | 8 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 04-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kizhakkanchery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kizhakkanchery Grama Panchayat for the year 2022-2023

Date: 30/10/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Kizhakkanchery Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1.Cash flow statement- net increase in cash flow does not match with the diference between the opening balance and closing balance of cash & cash equivalents.

2 The following mandatory financial statements prescribed in accounting rules are not submitted for audit
Ratios
Notes to accounts

3.The demand registers are not periodically reconciled with accounts

4.Lapses in making timely and accurate demand entries in respect of tax & non tax revenues

5.The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

6. Deposit- Mismatch between register and AFS
7. Difference in bank book balance and bankreconciliation statement

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure -3

## വരവ് ചെലവ് പത്രികകൾ

| | | | |
|---|---|---|---|
| | Kizhakkanchery Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2022 to 31-March-2023 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 24916071.00 |
| Cash | Cash | RP-40(a) | 24739.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 974395.00 |
| 140000000 | Fees & User Charges | RP-4 | 536354.00 |
| 150000000 | Sale & Hire Charges | RP-5 | 394359.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 20487000.00 |
| 171000000 | Interest Earned | RP-9 | 399986.00 |
| 190000000 | Prior Period Income | RP-11 | 13024.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 28182372.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 26874216.00 |
| 460000000 | Loans, Advances and Deposits | RP-49 | 205584.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 3085.00 |
| 330000000 | Secured Loans | RP-31 | 4420000.00 |
| 340000000 | Deposits Received | RP-33 | 451224.00 |
| 350000000 | Other Liabilities | RP-35 | 691317.00 |
| | Grand total | | 108573726.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 42768.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 894.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 703255.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 4763.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 21976688.00 |
| 460000000 | Loans, Advances and Deposits | RP-49 | 1705151.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 245985.00 |
| 350000000 | Other Liabilities | RP-35 | 49146826.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| Bank | Bank | RP-40(b) | 34696370.00 |
| Cash | Cash | RP-40(b) | 51026.00 |
| | Grand Total | | 108573726.00 |

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5195703.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 16750.00 |
| 140000000 | Fee & User Charges | I-4 | 794148.00 |
| 150000000 | Sale & Hire Charges | I-5 | 412134.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 205406999.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 399986.00 |
| 180000000 | Other Income | I-9 | 35838.00 |
| 190000000 | Prior Period Income | I-19 | -24283.00 |
| | Total Income | | 212261558.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 14229385.00 |
| 220000000 | Administrative Expenses | I-11 | 1456597.00 |
| 230000000 | Operations & Maintenance | I-12 | 3385428.00 |
| 240000000 | Interest & Finance Charges | I-13 | 4173.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 13809755.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 52777861.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 15072955.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 0.0 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 76229800.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 33544931.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 10000.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 20327101.00 |
| | Total Expenditure | | 230847986.00 |
| | Gross Surplus / Deficit of income over Expenditure | | -18586428.00 |
| | Gross Surplus / Deficit of income over Expenditure | | -18562856.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 47855.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 23572.00 |

| BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 53134160.86 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 143753737.00 |
| | Total Reserve & Surplus | | 196887897.86 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16550742.00 |
| | Total Grants, Contributions for Specific Purposes | | 16550742.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 32160082.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 32160082.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 650752.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2562874.50 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3213626.50 |
| | TOTAL LIABILITIES | | 248812348.36 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 1685098.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 0.0 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 36607358.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 206775822.36 |
| 416000000 | Accumulated Depreciation | B-11(a) | -90740085.00 |
| | Total Fixed Assets | | 154328193.36 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 21378543.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 31380082.00 |
| 450000000 | Cash and Bank Balance | B-17 | 34747396.00 |
| 460000000 | Loans, Advances and Deposits | B-18 | 6978134.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 94484155.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 248812348.36 |

Deputy Director